മുൻ പ്രണയത്തെ കുറിച്ച് സാമന്ത PAGE IV

Metro life

മെട്രോ വാർത്തയുടെ നഗരക്കാഴ്ച

Kochi
Thrissur
Thiruvananthapuram
Kozhikode
Alappuzha

2020 മാർച്ച്
22 ഞായർ

തത്സമയം ടീച്ചറമ്മ

നിപയിൽനിന്ന് കൊറോണയിലേക്ക് എത്തുമ്പോൾ

"സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ 1970നുശേഷം സംഭവിച്ചത് പ്രാഥമിക മേഖലയിൽ നിന്നു ശ്രദ്ധ മാറി എന്നതാണ്. സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പ്രാധാന്യം നൽകി. പണമുള്ളവർ വലിയ ആശുപത്രിയിൽ പോവുന്ന അവസ്ഥ. ഞങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ മുതലാളിത്ത രീതി. ആർദ്രം മിഷനിലൂടെ അതിന് ഒരു മാറ്റം വരുത്താൻ ശ്രമിച്ചു. പൊതു ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കു മാറി. 300 ലേറെ ലബോറട്ടറികളാണ് പുതിയതായി സർക്കാർ മേഖലയിൽ ഇതോടനുബന്ധിച്ചു വന്നത്. ചെറിയചെറിയ പ്രശ്നങ്ങൾക്ക് ശ്വാസ്, ആശ്വാസ് ക്ലിനിക് തുടങ്ങിയത് വമ്പിച്ച മാറ്റം കൊണ്ടുവന്നു. പ്രമേഹം, ക്യാൻസർ എന്നിവ നിയന്ത്രിക്കുന്നതായിരുന്നു വലിയ സ്വപ്നം. ഇത് നിപ, ഇപ്പോൾ കൊറോണ...നമ്മുടെ ശ്രദ്ധ അതിലേക്കു മാറേണ്ടി വന്നിരിക്കുന്നു."

എം.ബി. സന്തോഷ്

ചിത്രങ്ങൾ: കെ.ബി. ജയചന്ദ്രൻ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ശനിയാഴ്ച അവധി പ്രഖ്യാപിച്ചതിനുശേഷമുള്ള ആദ്യദിനമായതിനാൽ സെക്രട്ടേറിയറ്റ് മാത്രമല്ല, ചുറ്റുപാടുള്ള നിരത്തും ഓഫീസുകളുമാകെ വിജനമായിരുന്നു. രാവിലെ 10 നുശേഷം ഓഫീസിൽവച്ച് കാണാമെന്നായിരുന്നു ആരോഗ്യമന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞിരുന്നത്. സെക്രട്ടേറിയറ്റ് അനക്സിലെ ഏഴാം നിലയിലെ ഓഫീസിൽ പറഞ്ഞതുപോലെ എത്തി സംസാരിക്കാൻ തുടങ്ങുന്നതിനുമുമ്പായി ആരോഗ്യവകുപ്പിലെ പ്രമുഖനായ ഐഎഎസ് ഉദ്യോഗസ്ഥൻ വിളിക്കുന്നു.

അദ്ദേഹത്തോട് മന്ത്രി സംസാരിക്കുമ്പോൾ, ഒരു സഹോദരനോട് പറയുമ്പോലെയേ കേൾക്കുന്നയാളിന് തോന്നൂ: "മീറ്റിങ്ങിനെത്തുമ്പോൾ കൃത്യമായ കണക്കു വേണം. നമുക്കിനി എത്ര കിറ്റ് അടിയന്തരമായി വേണം, അതിനു പുറമേ ഈയാഴ്ച എത്ര വേണ്ടിവരും... അതിന്റെയൊക്കെ വ്യക്തമായ കണക്കുവേണം... കൂട്ടത്തിൽ അടിയന്തരമായി ഇടപെടൽ വേണ്ട ഒരു കാര്യം - എറണാകുളത്ത് എമർജൻസി മെഡിസിനിൽ ഒരാളെ കൊടുക്കണം. അവിടെ, ഇപ്പോഴുള്ളവർക്ക് അധിക സ്ട്രെയിൻ കൊടുക്കരുത്."

അപ്പോഴാണ്, വിവിധ ജില്ലകളിൽനിന്ന് 108 ആംബുലൻസ് ഡ്രൈവർമാർ പണിമുടക്കിലേക്ക് എന്ന വാർത്ത ഓർമ വന്നത്. അത് ശ്രദ്ധയിൽപ്പെടുത്തിയ ഉടൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ വിളിക്കുന്നു. പാവങ്ങൾക്ക് ശമ്പളം കിട്ടുന്നില്ല എന്ന വിഷമം മുഖത്ത്. വിളിച്ച ഉടൻ അവിടെനിന്ന് പണം അനുവദിച്ചതായി മറുപടി. ട്രഷറിയിൽനിന്ന് പണമായി പിൻവലിക്കാൻ കഴിയും വിധം ഇടപെടണേ എന്ന അഭ്യർഥനയ്ക്കും ഫലമുണ്ടായതായി മുഖത്തെ തെളിച്ചത്തിൽനിന്ന് വ്യക്തം.

നിപ കാലത്തുനിന്ന് കൊറോണ കാലത്തേക്കു വരുമ്പോൾ, "അത് താരതമ്യേന എളുപ്പമായിരുന്നു" എന്നു പറഞ്ഞ ശേഷം ചിരിച്ചുകൊണ്ട് ടീച്ചർ കൂട്ടിച്ചേർത്തു: "അന്ന് അങ്ങനെയല്ല തോന്നിയത്. കോഴിക്കോട് ചങ്ങരോത്തെ ഒരു കുടുംബത്തിലെ നാലുപേർക്കായിരുന്നു നിപ വൈറസ് ബാധിച്ചത്. ആ നാലുപേരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവരെ കണ്ടെത്തുക എന്നതായിരുന്നു പ്രധാനം. നിപയുടെ കാലത്ത് ആളുകൾക്ക് പേടിയുണ്ടായിരുന്നു. ഇപ്പോഴത്തേതിനെക്കാൾ പേടി. നിപ വന്നാൽ മരിക്കും. ലക്ഷണങ്ങൾ കാണുമ്പോഴാണ് അത് തിരിച്ചറിയുന്നത്. പിന്നെ, ഒന്നുരണ്ടു ദിവസമേ ജീവിക്കൂ."

"കൊറോണ വൈറസ് അങ്ങനെയല്ല. ഒരു ലക്ഷണവുമില്ലാതെ പകരുന്നു. അതുള്ളവർ പരസ്പരം സ്നേഹപ്രകടനം, ഹസ്തദാനം, ആലിംഗനം...എന്നിവ ചെയ്യുന്നത് അപകടകരം. അതിന്റെ പകർച്ച കൂടുമ്പോൾ മരണവും കൂടുന്നു. അമേരിക്കയെപ്പോലെ എല്ലാ സൗകര്യവുമുള്ള രാജ്യത്ത് 250 പേർ മരിച്ചു എന്നു പറയുമ്പോൾ അതിന്റെ ഗൗരവം അറിയാല്ലോ. നമ്മളെപ്പോലെയല്ല അവർ. ആവശ്യത്തിന് പണമുണ്ട്, സൗകര്യങ്ങളുണ്ട്..."

വീണ്ടും ഫോൺ... കോട്ടയം മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ടാണ്. മേലധികാരി എന്ന നിലയിലല്ല ഇടപെടൽ. ഒരു മരുന്നിന്റെ കാര്യം പറയാനാണ്. അത് കിട്ടുന്ന ആളിന്റെ കാര്യം പറഞ്ഞു. ആ നമ്പർ അയച്ചുതരാൻ അഭ്യർഥിച്ചു. നന്ദി പറഞ്ഞാണ് മന്ത്രി ഫോൺ വച്ചത്- "നല്ല അഡ്മിനിസ്ട്രേറ്ററാണ്. നമ്മൾ ഒരു കാര്യം പറയുമ്പോഴേയ്ക്കും ഡോക്ടർ അത് ചെ

യ്തു കഴിഞ്ഞിരിക്കും."

"സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ 1970നുശേഷം സംഭവിച്ചത് പ്രാഥമിക മേഖലയിൽ നിന്നു ശ്രദ്ധ മാറി എന്നതാണ്. സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പ്രാധാന്യം നൽകി. പണമുള്ളവർ വലിയ ആശുപത്രിയിൽ പോവുന്ന അവസ്ഥ. ഞങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ മുതലാളിത്ത രീതി. ആർദ്രം മിഷനിലൂടെ അതിന് ഒരു മാറ്റം വരുത്താൻ ശ്രമിച്ചു. പൊതു ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കു മാറി. 300 ലേറെ ലബോറട്ടറികളാണ് പുതിയതായി സർക്കാർ മേഖലയിൽ ഇതോടനുബന്ധിച്ചു വന്നത്. ചെറിയചെറിയ പ്രശ്നങ്ങൾക്ക് ശ്വാസ്, ആശ്വാസ് ക്ലിനിക് തുടങ്ങിയത് വമ്പിച്ച മാറ്റം കൊണ്ടുവന്നു. പ്രമേഹം, ക്യാൻസർ എന്നിവ നിയന്ത്രിക്കുന്നതായിരുന്നു വലിയ സ്വപ്നം. ഇത് നിപ, ഇപ്പോൾ കൊറോണ...നമ്മുടെ ശ്രദ്ധ അതിലേക്കു മാറേണ്ടി വന്നിരിക്കുന്നു."

നേരത്തെ, റിസപ്ഷനിൽ വന്ന ഒരു ഫോണിനെപ്പറ്റി ഓർത്തു. "ടീച്ചറമ്മ ഉണ്ടോ?" എന്നായിരുന്നു ആ ചോദ്യം. ടീച്ചറമ്മ എന്ന വിശേഷണത്തെക്കുറിച്ച് ചോദിച്ചപ്പോൾ മറുപടി ഇങ്ങനെ:

"വ്യക്തിപൂജയിലേക്കു പോകുന്നത് ശരിയല്ല. ഇത് ഞാൻ ഒറ്റയ്ക്കു ചെയ്യുന്നതല്ല. ഇതൊക്കെ ഒരു കൂട്ടായ്മയുടെ ഭാഗമാണ്. മക്കളുടെ പ്രായമുള്ള ചിലരൊക്കെ അങ്ങനെ വിളിക്കുന്നുണ്ടാവും. ആളുകളുടെ ഈ സ്നേഹത്തിൽ ഞാൻ അഭിരമിക്കാറില്ല. ഇത് കുമിളപോലെയാണ്. എന്തെങ്കിലും ചെറിയ വീഴ്ചയുണ്ടായാൽ മതി അത് പൊട്ടാൻ. ഈ കേസിൽതന്നെ എന്തു സാഹസികമായാണ് കൈകാര്യം ചെയ്യുന്നത്. മാറി നിൽക്കുന്നവർക്ക് അത് മനസ്സിലാവില്ല'. ശിവപുരം ഹയർസെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ അധ്യാപികയായിരിക്കേ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തനത്തിനായി സ്വയം വിരമിച്ച ടീച്ചർ പറഞ്ഞു.

'മീഡിയാ മാനിയ ആണെന്നൊക്കെയുള്ള പരാമർശം - അതൊക്കെ രാഷ്ട്രീയമാണ്. ഇത്തരമൊരവസ്ഥയിൽ മീഡിയാ മാനെജ്മെന്റ് പ്രധാനമാണ്. ഈ കേസിൽ മീഡിയ ഉത്സുകരാവുന്നത് നാട്ടിലെ കാര്യം അറിയുന്നതിനാലാണ്. പല സംസ്ഥാനങ്ങളിലും യഥാർഥ കണക്കല്ല പുറത്തുവിടുന്നതെന്നൊക്കെ പറയുമ്പോൾ, ഇവിടെ ഒന്നും മാധ്യമങ്ങളിൽനിന്ന് മറച്ചുവയ്ക്കുന്നില്ല. അത് ഔദ്യോഗികമായി നിശ്ചയിച്ചാണ് ഓരോ ദിവസവും മാധ്യമങ്ങളെ കണ്ട് ആരോഗ്യമന്ത്രി കാര്യങ്ങൾ വിശദീകരിക്കണം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്തത്. സ്ഥിതി ഗുരുതരമായതോടെ ആരോഗ്യവകുപ്പിനു മാത്രം കൈകാര്യം ചെയ്യാവുന്നതല്ല എന്ന നില വന്നു. അതാണ് മുഖ്യമന്ത്രി ഇടപെട്ടത്. അതിനുശേഷം എല്ലാ ദിവസവും മുഖ്യമന്ത്രി കാര്യങ്ങൾ മാധ്യമങ്ങളോട് വിശദീകരിച്ചു. ആരോഗ്യമന്ത്രി എന്ന നിലയിൽ ആ വാർത്താ സമ്മേളനങ്ങളിൽ ഞാനും പങ്കെടുക്കുന്നുണ്ട്".

അവധി ദിവസമായിട്ടും തിരക്കിട്ട ഔദ്യോഗിക പരിപാടികൾ. മന്ത്രി ഇ.പി. ജയരാജൻ വിളിച്ച യോഗമുണ്ട്. ആരോഗ്യ വകുപ്പിനുവേണ്ട ലോജിസ്റ്റിക് കളക്ഷൻ എങ്ങനെയൊക്കെ നിറവേറ്റാം എന്നതാണ് അവിടെ തീരുമാനിക്കുക. അതുകഴിഞ്ഞ് കൊറോണ കൺട്രോൾ റൂമിൽ മീറ്റിങ്. അതു കഴിഞ്ഞ് വൈകിട്ട് അവലോകന യോഗം... ഓരോ ദിനവും പ്ലാനിൽ മാറ്റം വരുത്തും. ഇതിനായി തന്ത്രം നേരത്തെ ആവിഷ്കരിച്ചതിനാൽ അതനുസരിച്ച് മുന്നോട്ടുപോവും.

അടുത്ത ഫോൺ... എറണാകുളത്ത് ഐസൊലേഷൻ കിടക്കകൾ ഏതാണ്ട് മുഴുവനാവുന്നു. ആശ്വാസത്തിന്റെ പുഞ്ചിരിയുമായി മന്ത്രി. ബിപിസിഎൽ കുറച്ചു കിടക്കകൾ ശരിയാക്കിത്തരാം എന്നേറ്റതിന്റെ സന്തോഷം മുഖത്ത്.

ഇതിനിടയിൽ, കേരളത്തിൽ കൊറോണ ബാധിച്ച് ചികിത്സയിൽ കഴിഞ്ഞ് രോഗം പൂർണമായും മാറിയ മൂന്നുപേരെയും വിളിച്ച് കാര്യങ്ങൾ അന്വേഷിക്കാനും സമയം കണ്ടെത്തി. അവരോട് വിശ്രമിക്കാനും നിർദേശിച്ചു. ആ സന്തോഷകരമായ അനുഭവത്തെക്കുറിച്ച് അവർ ഫെയ്സ്ബുക്കിൽ കുറിപ്പിട്ടു. ഇങ്ങനെയും ആരോഗ്യമന്ത്രിയോ എന്ന്... അവർ ഇവിടെ വന്നു കാണുമെന്ന് മന്ത്രിയോട് പറഞ്ഞപ്പോൾ, വന്നു കണ്ടോളൂ എന്നായി മന്ത്രി.

ഫെയ്സ്ബുക്കിൽ രാത്രി കുറച്ചു സമയം, 10മിനിട്ട് ചെലവഴിക്കും. സ്വന്തം പേജിലാണ് കൂടുതലായും നോക്കുന്നത്. അതിൽ വരുന്ന നല്ല നിർദേശങ്ങൾ സ്വീകരിക്കും. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ചെയ്യാൻ പറ്റുന്നവയൊക്കെ ചെയ്യാൻ

നോക്കും. ചികിത്സാ ഇടപെടലുകൾ ചെയ്യാൻ നിർദേശിക്കാറുണ്ട്. ചിലർ മോശമായി വിമർശിക്കാറുണ്ട്. ചിലർ കരുതിക്കൂട്ടി ശല്യക്കാരാവുമ്പോൾ, അതിനുവേണ്ടിമാത്രം കയറുന്നവരെ ബ്ലോക്ക് ചെയ്യും. എന്നാൽ, നല്ല വിമർശനങ്ങൾ മുഖവിലയ്ക്കെടുക്കും. നല്ലതുമാത്രം കേട്ടുകൊണ്ടിരുന്നാൽ മോശമായിപ്പോവും. ചില നല്ല ട്രോളുകളൊക്കെ ആസ്വദിക്കാറുമുണ്ട്.

ഭർത്താവ് കെ.കെ. ഭാസ്കരൻ മാസ്റ്റർ മട്ടന്നൂർ നഗരസഭയുടെ മുൻ ചെയർമാനാണ്. ഗൾഫിൽ എൻജിനീയറായ ശോഭിത്, കണ്ണൂർ എയർപോർട്ടിലെ എൻജിനീയർ ലസിത് എന്നിവരാണ് മക്കൾ. കുടുംബവുമായി ചെലവഴിക്കാൻ സമയം കണ്ടെത്തുന്നത് രാത്രിയാണ്. കൊച്ചുമക്കളുമായി വാട്സാപ്പിലൂടെ സംസാരിക്കുന്നതും അവരുടെ അന്നത്തെ വിശേഷങ്ങൾ അറിയുന്നതും രാത്രിയിൽതന്നെ. ശോഭിതിന്റെ മകൾ മാളു എന്ന നിരാലുമായും ലസിതിന്റെ ഇപൂസ് എന്ന് വിളിക്കുന്ന ഇഫയാ ജഹനാരായുമായും കൊഞ്ചാനും കളിക്കാനും ഇപ്പോൾ വേണ്ടത്ര സമയം കിട്ടാറില്ല. അവരുൾപ്പെടെയുള്ള തലമുറയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്യുകയാണ് ഈ മന്ത്രിയെന്ന് പിന്നീട് ഇന്നത്തെ വിമർശകരും തിരിച്ചറിയും.

'If you are humble nothing will touch you, neither praise nor disgrace, because you know what you are.' മദർ തെരേസ പറഞ്ഞ ഈ വരികളാണ് എനിക്ക് വളരെ പ്രിയപ്പെട്ടത്. ഒരുപാട് പുകഴ്ത്തിയാൽ ഞാൻ പൊങ്ങിപ്പോവാറില്ല, ഒരുപാട് ഇകഴ്ത്തിയാൽ താഴ്ന്നുപോവാറുമില്ല. നമ്മളെന്താണെന്ന് നമുക്കറിയാമല്ലോ.' -ആരോഗ്യമന്ത്രി നിലപാട് വ്യക്തമാക്കുന്നു.

അതെ, കെ.കെ.ശൈലജ എന്ന ഈ ആരോഗ്യമന്ത്രിക്കു മുന്നിൽ ഇപ്പോൾ ഒറ്റ ലക്ഷ്യമേയുള്ളൂ - നമ്മുടെ നാടിനെ കോവിഡ് 19 എന്ന കൊറോണ വൈറസിൽനിന്ന് മുക്തമാക്കാൻ എന്തൊക്കെ ചെയ്യാം. അതിനായി ആരോഗ്യവകുപ്പ് നൽകുന്ന നിർദേശങ്ങൾ അണുവിട തെറ്റാതെ പാലിച്ച് നമുക്കും കൈകോർക്കാം.

റിയാലിറ്റി ഷോകളിലെ റിയാലിറ്റി

അക്ഷരജാലകം

എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

ടെലിവിഷൻ, ഇന്റർനെറ്റ്, സമൂഹമാധ്യമങ്ങൾ എന്നിവയുടെ ഉപയോഗം വർധിച്ചതോടെ വീടുകളിലേക്ക് ഒരു പുതിയ യാഥാർഥ്യം ഇറക്കുമതി ചെയ്യപ്പെട്ടിരിക്കയാണ്. വ്യക്തിയെന്ന നിലയിൽ അടുത്തിരിക്കുന്നവരോടോ, അടുപ്പമുള്ളവരോടോപോലും ഒന്നും പങ്കുവയ്ക്കാൻ പറ്റാത്ത കാലമാണിത്. കാരണം, പങ്കുവച്ചാൽ അത് മറ്റൊരാളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കൈയേറ്റമാകും. പൊലീസ് കേസാകും. സ്വാതന്ത്ര്യം അത്രമേൽ മൃദുലമായ ഒരു അവസ്ഥയായിരിക്കുകയാണ്. ഒരു വികാരപ്രകടനം മറ്റൊരാളുടെ അതിർത്തിയിലെവിടെയോ ഒരു നുഴഞ്ഞുകയറ്റമാവുകയാണ്.

അതുകൊണ്ട് വ്യക്തികൾ അവരുടെ രഹസ്യാത്മകവും വിഭ്രാത്മകവും പക്ഷപാതപരവും ഏകാന്തവുമായ വികാരപ്രകടനങ്ങൾക്കായി പല മാർഗങ്ങളും തേടുന്നു. സമൂഹമാധ്യമങ്ങൾ അതിൽപ്പെടുന്നു. ടിവി ഷോകൾ മറ്റൊരു വാതിലാണ്. വ്യക്തികൾ അവിടേക്ക് ആഗിരണം ചെയ്യപ്പെടുന്നു. കാരണം അത് അടഞ്ഞതും പരസ്പര വിരുദ്ധവുമായ സ്വഭാവങ്ങളുടെ ചെറുലോകങ്ങളാണ്. നാം പുറംലോകത്ത് കാണുന്നതിന്റെ പ്രതിനിധാനം എന്നു പറയാനാവില്ലെങ്കിലും, അതിനോടു സാമ്യമുള്ള ചില ഘടകങ്ങൾ ഷോകളിലുണ്ട്. റിയാലിറ്റി ഷോകൾ അതിന്റെ വേറൊരു മുഖമാണ് പ്രദർശിപ്പിക്കുന്നത്.

ലോകമെമ്പാടും ചാനലുകൾ ഇതുപോലുള്ള ഷോകൾ സംഘടിപ്പിക്കുന്നുണ്ട്. അവിടേക്ക് മത്സരാർഥികൾ എത്തുന്നത് കഠിനമായ നിയമങ്ങൾ അനുസരിക്കാമെന്നും മറ്റനേകം വ്യവസ്ഥകൾക്ക് വിധേയമായിക്കൊള്ളാമെന്നും ഉടമ്പടിയിൽ ഒപ്പുവച്ചുകൊണ്ടാണെന്നത്, ഇതിന്റെ ചട്ടങ്ങൾ പരിശോധിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും. കാരണം ഓരോ മത്സരാർഥിയും പ്രതിഫലം പറ്റുന്ന പ്രകടനക്കാരനും അഭിനേതാവുമാണ്. പ്രകടനത്തിനാണ് പണം കൊടുക്കുന്നത്. അത് ഡിസൈൻ ചെയ്യുന്നത് മത്സരാർഥിയല്ല. കാഴ്ചക്കാരുടെ മനോനിലയെ ചൂടുപിടിപ്പിക്കുന്നതിനു വേണ്ടി, കൃത്രിമമായ സാഹചര്യം സൃഷ്ടിക്കേണ്ടി വരും. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മത്സരാർഥികൾക്ക് അത് അനുസരിക്കേണ്ടി വരും. എന്തെന്നാൽ, മത്സരമാണ് മുഖ്യം, മത്സരാർഥിയല്ല. മത്സരാർഥി ഒരു കരുവാണ്. അവനെ അല്ലെങ്കിൽ അവളെ ചതുരംഗത്തിലെ കരു എന്ന പോലെ മാറ്റിവയ്ക്കാൻ സംഘാടകർക്ക് അവകാശമുണ്ട്. ഏതു വ്യവസ്ഥയും അംഗീകരിക്കാതെ ഒരാൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ കഴിയുമെന്ന് ചിന്തിക്കുന്നതിൽ അർഥമില്ല. അതായത്, ഒരു അടിമയെപ്പോലെ, നൂറ് ദിവസം വാതിലും ജനലുമില്ലാത്ത ഒരു തടവറയിൽ കഴിയുക എന്നത് ചില റിയാലിറ്റി ഷോകളിലെ മത്സരാർഥികളുടെ വിധിയാണ്.

കൊറോണ രോഗം പടരുന്ന യൂറോപ്യൻ രാജ്യങ്ങളിൽ പലയിടത്തായി നിശ്ചിത ദിവസങ്ങളിലേക്ക് റിയാലിറ്റി ഷോയിൽ പങ്കെടുത്തു കൊണ്ടിരിക്കുന്നവർ നിരവധിയാണെന്നും ഇവരുടെ അതിജീവനം എങ്ങനെയായിരിക്കുമെന്നും ചിന്തിച്ചു കൊണ്ട് ഒരാൾ എഴുതിയ ലേഖനം ബ്രിട്ടീഷ് ഓൺലൈൻ പത്രമായ ഗാർഡിയനിൽ വായിച്ചതേയുള്ളൂ.

റിയാലിറ്റി ഹൗസിൽ താമസിക്കുന്നവരെ പുറത്തുള്ള രോഗബാധയെക്കുറിച്ച് അറിയിക്കാതിരിക്കാനാവില്ല. എന്നാൽ ദിനംപ്രതി മുന്നൂറിനു മുകളിൽ ആളുകൾ രോഗം ബാധിച്ചു മരിക്കുന്ന ഇറ്റലിയിൽ, ഒരാൾ എങ്ങനെയാണ് റിയാലിറ്റി ഹൗസിൽ സമാധാനത്തോടെ കഴിയുന്നത് ? തീർച്ചയായും അവരുടെ സ്വഭാവം തന്നെ മാറിപ്പോകും. അവർ കാരണമില്ലാതെ തന്നെ അക്രമാസക്തരാവുകയോ വിഷാദ രോഗത്തിനടിപ്പെടുകയോ ചെയ്യാം.

ഇവിടെ കാണികളുടെ മനഃശാസ്ത്രവും മാറുകയാണ്. അതോടൊപ്പം കാണികളുടെ മത്സരം എന്ന വേറൊരു ഘട്ടം ആരംഭിക്കുകയാണ്. മത്സരാർഥികളിൽ ചിലരോട് പക്ഷം പിടിക്കേണ്ട സാഹചര്യം ഉണ്ടാവുന്നു. ഇതാകട്ടെ, മൂല്യബോധത്തിന്റെ ബലത്തിലുള്ളതാണ്. പ്രേക്ഷകന്റെ അമർത്തിവച്ച മൂല്യബോധം, വിശ്വസ്തത, സത്യസന്ധത, ആദർശം തുടങ്ങിയവ ഇറക്കിവയ്ക്കാൻ ഒരിടം കിട്ടുകയാണെങ്കിൽ അവൻ അങ്ങോട്ടു തിരിയും.

നവീന മനഃശാസ്ത്രം

ദൈനംദിന ജീവിതത്തിൽ നാം വളരെ കൂൾ ആണല്ലോ. വാർത്തകൾ വായിച്ചു മറന്നു കളയുന്നു. ജീവിതം വാർത്തയിൽ കവിഞ്ഞൊന്നുമല്ലാതായി. എന്തെങ്കിലും നന്മകൾ നമുക്കുണ്ടെങ്കിൽ തന്നെ അതെല്ലാം വേർതിരിക്കുന്ന ജോലി പൊലീസിനെയും മാധ്യമങ്ങളെയും ഏല്പിച്ചിരിക്കയാണ്. അവരുടെ ചതുരംഗപ്പലകയിൽ നിന്ന് കടം കൊള്ളുന്ന ജീവിതങ്ങളാണ് നമ്മുടേത്. എന്നാൽ ഒരു ചാനലോ, സ്വകാര്യ കമ്പനിയോ നടത്തുന്ന റിയാലിറ്റി ഷോ ജീവിതത്തേക്കാൾ യഥാർഥമാവുന്നതെങ്ങനെയാണ് ? അവർ നീട്ടിത്തരുന്ന വ്യാജ ജീവിത ചിത്രങ്ങളിൽ നിന്ന് നമുക്കാവശ്യമുള്ളത് തിരഞ്ഞെടുക്കുകയേ നിർവാഹമുള്ളൂ.

റിയാലിറ്റി ഷോയിൽ നിന്ന് പുറത്തായി വന്ന ഡോ. രെജിത്കുമാറിനു തുടക്കത്തിൽ തന്നെ ധാരാളം ആരാധകരെ ലഭിച്ചത്, അദ്ദേഹം പ്രേക്ഷകരുടെ ഉള്ളിൽ തണുത്തുറഞ്ഞ് കനത്ത മഞ്ഞുകട്ട പോലെ കിടന്ന മനുഷ്യോപകാരപ്രദമായ വികാരങ്ങളെ ഉണർത്തിയതു കൊണ്ടാണ്. ഒരു റിയാലിറ്റി ഷോയിലാണെങ്കിലും, രെജിത്കുമാർ യഥാർഥ ജീവിതത്തിൽ അതിജീവനത്തിനു ശ്രമിക്കുകയാണെന്ന ചിന്ത കാണികളെ ആവേശിച്ചു. ഒരു സിനിമയിലോ, നാടകത്തിലോ പ്രതികൂല സാഹചര്യങ്ങളോടു പൊരുതി വിജയം വരിക്കുന്ന ഒരു ഹീറോ ആയി അദ്ദേഹം ധാരാളം പ്രേക്ഷകരെ സ്വാധീനിച്ചു. ഇത് എപ്പോഴും സംഭവിക്കുന്നതല്ല. പ്രേക്ഷകനെ കുറ്റം പറയാനാവില്ല. ഇത് നവീന മനഃശാസ്ത്രമാണ്.

നവീന മനശാസ്ത്രം പുതിയ ഡിജിറ്റൽ, ഹൈടെക്, അതിവേഗ സാങ്കേതിക, മാധ്യമലോകത്തിന്റെ അനിവാര്യ ഇരകളായി മാറുന്ന മനഷ്യന്റെ അവസ്ഥയാണ്. ഫ്രഞ്ച് സൈദ്ധാന്തികനായ പോൾ വിറിലിയോ അതിവേഗ ചലച്ചിത്രദൃശ്യാനുഭവം പ്രേക്ഷകനെ 'പിക്നോലെപ്സി' എന്നൊരു പുതിയ നാഡീരോഗത്തിലേക്ക് നയിക്കുന്നതായി എഴുതുന്നുണ്ട്. ബോധത്തെ ശൂന്യമാക്കേണ്ടി വരുന്ന സാഹചര്യമാണിത്.

മനുഷ്യജീവിതത്തിൽ, അവന്റെ അനുവാദത്തോടെയാണെങ്കിലും രഹസ്യാത്മകമായി വിവിധ പ്രതീതികൾ കയറിപ്പറ്റുന്നതിന്റെ അനന്തരഫലങ്ങളാണിത്. അവർ രെജിതിന്റെ നീക്കങ്ങളെ വളരെ ഒറിജിനൽ ആയി കാണുന്നത്, മറ്റെല്ലാം വ്യാജമാണെന്ന തിരിച്ചറിവു കിട്ടിയതുകൊണ്ടാണ്. എന്നാൽ ആത്യന്തികമായി ഇതൊരു ഗെയിമാണ്. ആ ഗെയിമിനെ നിയന്ത്രിക്കുന്നതിൽ പ്രേക്ഷകർക്കും പങ്കുണ്ട്. അവർ വോട്ടു ചെയ്യുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ സഹമത്സരാർഥികൾക്ക് എന്തുകൊണ്ട് പ്രേക്ഷകന്റെ മനസ്സ് നഷ്ടപ്പെടുന്നു ? യഥാർഥ ജീവിതത്തിൽ നിന്ന് വ്യത്യസ്തമായി ഒരു മത്സരത്തിലെ അതിജീവനം എന്ന ചിന്ത അവരെ ഇരട്ട വ്യക്തിത്വമുള്ളവരാക്കുന്നു. ആ നിലയ്ക്ക് ഇത് ഒരു സാമൂഹിക പരീക്ഷണമല്ല.

ഇരട്ടവ്യക്തിത്വം

ഡിജിറ്റൽ, സമൂഹമാധ്യമങ്ങളിലെ ഇടപെടലിൽ അന്തർഭവിച്ചിരിക്കുന്ന വേഗത ഒരാളെ ഇരട്ടവ്യക്തിത്വമുള്ളവനാക്കുന്നു. സാധാരണ നിലയിൽ ഇത് അഭികാമ്യമായതല്ല. എന്നാൽ ഡിജിറ്റൽ ഇടങ്ങളിൽ അത്യാവശ്യമാണ്. കാരണം ഈ ഇടം നുഴഞ്ഞു കയറാനുള്ളതാണ്. ഒളിപ്പിച്ച വ്യക്തിത്വം വച്ചു കളിക്കാനുള്ളതാണ്. ഇതാണ് നവീന മനഃശാസ്ത്ര പ്രശ്നമാകുന്നത്. വ്യക്തികൾ അവരുടേതല്ലാത്ത മറ്റൊരു വ്യക്തിത്വം സമാന്തരമായി വളർത്തിക്കൊണ്ടു വരുന്നു. ചില സന്ദർഭങ്ങളിൽ ഇത് രണ്ടും കൂടിക്കുഴയുന്നു. ഇവിടെ വ്യക്തി നിസഹായനാണ്. ഒരാൾ ഒരേ സാഹചര്യത്തിൽ ഒരേ പോലെയല്ല പെരുമാറുന്നത്. റിയാലിറ്റി ഷോയിൽ മിക്കവരും യഥാർഥ വ്യക്തിത്വം എന്താണെന്നറിയാതെ ഉഴറുകയാണ്. ഇരട്ടവ്യക്തിത്വം എന്ന പ്രഹേളികയാണ് അവരെ കുഴയ്ക്കുന്നത്. മത്സരം യഥാർഥ ജീവിതത്തെ മറച്ചുപിടിക്കുന്നു. എന്നാൽ കാണികൾ ഇതറിയേണ്ടതില്ല. അവർ മത്സരാർഥിയിൽ നിന്ന് യഥാർഥ ജീവിതം പ്രതീക്ഷിക്കുന്നു. കാണികൾ തേടുന്നത് അവരുടെ തന്നെ അടിച്ചമർത്തപ്പെട്ട സത്യസന്ധതയും ആത്മാർഥതയുമാണ്.

ഒരു മത്സരാർഥിയെ മാത്രം കബളിപ്പിക്കാനുദ്ദേശിച്ച് തയാറാക്കുന്ന ഗെയിമുകളിൽ (പ്രാങ്ക്) ഏർപ്പെടുന്ന മറ്റു കളിക്കാർ എങ്ങനെയാണ് സത്യസന്ധത ഉയർത്തിപ്പിടിക്കുക ? അതുകൊണ്ട് റിയാലിറ്റി ഷോയിലെ പ്രകടനം യഥാർഥമല്ല. അതൊരു ഗെയിമാണ്. അവിടെ യാഥാർഥ്യത്തിനു പകരം തെളിയുന്നത് നമ്മളിലേക്ക് എയ്തുവിട്ട ഒരു കപട യാഥാർഥ്യമാണ്.

അതേസമയം രെജിത്കുമാർ എങ്ങനെ ആയിരക്കണക്കിനു ആരാധകരെ നേടി ? ഒരു പക്ഷേ, ഒരു മലയാളം ടെലിവിഷൻ ഷോയെ മാത്രം അടിസ്ഥാനമാക്കി, നമ്മുടെ നാട്ടിൽ രെജിത്കുമാറിനെപ്പോലെ ജനപ്രീതി നേടിയ വേറൊരു മത്സരാർഥിയുണ്ടാവില്ല.

ആനുകാലികം

എൻ.ശശിധരന്റെ ചില ലേഖനങ്ങൾ കണ്ടപ്പോൾ, ഇതുപോലെ എഴുതരുതെന്ന് മുമ്പൊരിക്കൽ എനിക്ക് എഴുതേണ്ടി വന്നു. അതൊരു നൈതിക വിമർശനമായിരുന്നു. ഒരു ഉൾക്കാഴ്ച അനുഭവപ്പെടാത്തതുകൊണ്ടാണ് അങ്ങനെ പറയേണ്ടിവന്നത്. എന്നാൽ അദ്ദേഹം ഇസ്രയേൽ കവി യഹൂദ അമിച്ചായിയുടെ ഏതാനും കവിതകൾ പരിഭാഷപ്പെടുത്തിയത് (മാതൃഭൂമി) ഹൃദ്യമായി എന്നറിയിക്കട്ടെ. സമകാലിക ഇസ്രയേൽ ജീവിതത്തെ പല സാരങ്ങൾ പ്രവഹിപ്പിക്കുന്ന വേദമായി ഈ കവി സമീപിക്കുന്നു.

'പക്ഷേ, നമ്മൾ ' എന്ന കവിതയിലെ വരികൾ ഇങ്ങനെയാണ്:

'ഭാവിക്ക് മഞ്ഞനിറമായിരുന്നു;
അക്കേഷ്യാ പൂക്കളുടെ നിറം.
ബോഗൻവില്ലകളുടെ ഊതനിറം.
അതിന്റെ ശബ്ദങ്ങൾ നമ്മൾ രണ്ടു പേരുടെയും
ശബ്ദങ്ങളായിരുന്നു.

ഓറഞ്ചുതോട്ടത്തിലെ പൂഴിപ്പരപ്പിൽ
നമ്മൾ ഇണചേർന്നു.
തോട്ടം അതിന്റെ വീര്യം
നമുക്കു കടം തന്നു;
നാം നമ്മുടെ വീര്യം അതിനും.

സൈപ്രസ് മരങ്ങളുടെ നിരകൾക്കു
മുകളിലൂടെ
തീവണ്ടി കടന്നുപോയി
നമ്മളത് കേട്ടതേയുള്ളൂ; കണ്ടില്ല .
നാം പരസ്പരം പറഞ്ഞവയെല്ലാം
'പക്ഷേ ,നമ്മൾ ' എന്ന വാക്കുകളിൽ തുടങ്ങി.'

ഉമ്മ മരിച്ചതിൽപ്പിന്നെ തറവാട്ടുവീട്ടിൽ ചെല്ലുമ്പോൾ തനിച്ചായിപ്പോയ വാപ്പയെ തേടുന്ന ഒരു യുവാവിന്റെ ഗദ്ഗദങ്ങളാണ് അസിം താന്നിമൂടിന്റെ 'കേട്ടു പതിഞ്ഞ ശബ്ദത്തിൽ' (മലയാളം)എന്ന കവിതയിലുള്ളത്. അസ്തിത്വത്തെ ചൂഴുന്ന വേദന ഈ കവിത അല്പാല്പമായി പുറത്തുവിടുന്നു:

'അടഞ്ഞുകിടക്കുന്ന
എല്ലാ ഓർമകളും തുറന്നു കയറി
ഓരോ നെടുവീർപ്പുതിർത്ത്
ഞാനെന്റെ മുറിയിൽ വിശ്രമിക്കാനെത്തും .
ശേഷം അടുക്കളച്ചായ്പിൽ ചെന്ന്
ജോലിക്കാരിയുടെ കൃത്യത
ഉറപ്പാക്കും.
വാങ്ങി വന്ന ഔഷധങ്ങളും
ഇൻഹെയിലറും
മരുന്നു ഡപ്പിയിലിട്ടടച്ച്
മടങ്ങാനായി വീടു പൂട്ടി
മെല്ലെ പുറത്തിറങ്ങും.'

സഞ്ജയ്നാഥ് എഴുതിയ 'സിഗ്നലുകൾ തെറ്റിയോടുന്ന തീവണ്ടികൾ ' (സ്ത്രീശബ്ദം) എന്ന കവിത കലുഷമായ കാലത്തിനുള്ളിലെ ഭീതിദമായ സ്വരങ്ങൾ കേൾപ്പിക്കുകയാണ്:

' നിറയെ പന്തങ്ങളുമായി
മനസ്സുകൾ ചുരമിറങ്ങിവരുന്നുണ്ട് .
വരിക, എരിഞ്ഞു തീരുക
അതു നിങ്ങളുടെ പുണ്യം
എന്നു പറയുന്നുണ്ട്. '

ഇന്നത്തെ കവിതകളിൽ കാണുന്ന അശുഭകരമായ വാങ്മയങ്ങൾ കണ്ട് അസ്വസ്ഥരാകേണ്ടതില്ല. അത് കാലത്തിന്റെ വിസ്ഫോടനമാണ്. അച്ഛന്റെ അടികൊണ്ട് കാലൊടിഞ്ഞ് ആശുപത്രിയിൽ കിടന്ന കുട്ടി പിന്നീട് കവിത എഴുതുമ്പോൾ 'ഹൃദയസരസ്സിലേ ' എന്ന് റൊമാൻറിക്കാകണമെന്ന് വാശി പിടിക്കരുത്; മൃദുല പദങ്ങളൊന്നും ചിലപ്പോൾ ഉണ്ടായെന്ന് വരില്ല.

പ്രണയമെന്ന സ്വപ്നത്തിൽ മാത്രം ജീവിക്കുന്ന ഒരു പുരുഷൻ, ചിന്നു എസ്സിന്റെ 'പുരുഷൻ പിറുപിറുക്കുന്നു '(എഴുത്ത്) എന്ന കവിതയിലുണ്ട്. അയാൾ ഇങ്ങനെ ആത്മഗതം ചെയ്യുന്നു:

'ശൂന്യതയുടെ മൂർച്ഛയിലങ്ങനെ
എത്രവട്ടം നമ്മൾ ചുംബിച്ചു
മുറിപ്പെട്ടിരിക്കുന്നു.'

നാടകം

പ്രമുഖ നാടകകൃത്ത് കെ.ടി. മുഹമ്മദ് നാടകപ്രേമികൾക്ക് ഒരാവേശമായിരുന്നു. അദ്ദേഹത്തിന്റെ ആത്മാർഥത അത്രയ്ക്കായിരുന്നു. ഡോ.കെ. ശ്രീകുമാർ എഴുതിയ 'ഇത് കെ.ടി.യാണ് ' എന്ന ലേഖനം ആ വലിയ നാടകകാരന്റെ സൃഷ്ടി രഹസ്യങ്ങളിലേക്ക് വഴിതെളിക്കുന്നു. കെ.ടി.തന്റെ നാടകദർശനം ഇങ്ങനെ വ്യക്തമാക്കുന്നു:

"നാടകമെനിക്ക് ജീവിതം തന്നെയാണ്. ഒരിക്കലും ജീവിതത്തിനു വേണ്ടി ഞാൻ നാടകത്തെ ഉപയോഗപ്പെടുത്താൻ ആഗ്രഹിച്ചിരുന്നില്ല .എന്റെ നാടക ജീവിതം അങ്ങനെയായിരുന്നു. ഞാനൊരിക്കലും ഒരു പ്രൊഫഷണൽ നാടകക്കാരനായിരുന്നില്ല."

ഒരു വലിയ ആൾക്കൂട്ടത്തെ പ്രതീക്ഷിക്കാതെയാണ് അദ്ദേഹം രചനയിലേർപ്പെട്ടത്. ജീവിതത്തിനുള്ളിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന നാടകത്തെ കണ്ടെത്തുന്നതിന്റെ യാതന അനുഭവിക്കാൻ കെ.ടി. ഒരുക്കമായിരുന്നു. അത് ആദ്യം ഒരു വൈയക്തികാനുഭവവും പിന്നീട് സാമൂഹിക പ്രശ്നവുമാവുകയായിരുന്നു.

കഥ

കഥാകൃത്ത് അമലിന്റെ മുഖചിത്രവുമായി മാതൃഭൂമി ആഴ്ചപ്പതിപ്പ് കണ്ട് ഞെട്ടി. ഒരു പുതിയ മുഖം ഞാൻ കവറിൽ വയ്ക്കും, ഓരോ ലക്കവും ചെറുകഥ മാത്രമേ കവർ സ്റ്റോറിയാക്കൂ എന്നിങ്ങനെയുള്ള വാശി നല്ലതല്ല. അമൽ നന്നായി എഴുതി വരേണ്ട ചെറുപ്പക്കാരനാണ്. പക്ഷേ, അയാളെ ഇങ്ങനെ അമിതമായി ആരാധിച്ച് നശിപ്പിക്കരുത്. അല്പം പക്വത കാണിക്കൂ. ഒരു കവർ സ്റ്റോറി വരാൻ ഇത്രയൊക്കെ ചെയ്താൽ മതിയെന്ന് ആ കഥാകൃത്തിനു തോന്നുന്നത് എത്ര വലിയ അപകടമായിരിക്കും. സി.വി. ശ്രീരാമൻ, യു.പി.ജയരാജ്, ഉണ്ണികൃഷ്ണൻ തിരുവാഴിയോട് തുടങ്ങിയവർക്ക് പോലും ഇതുപോലെ കവർ വച്ചുനീട്ടിയിട്ടില്ല. എന്നാൽ അമൽ എഴുതിയ 'ചേന' ഒട്ടും ഏശിയില്ല എന്നറിയിക്കട്ടെ. കാണുന്നതെന്തും വിവരിച്ചാൽ വായനക്കാരൻ മുഷിയും. വിവരണം ഒരു തുള്ളച്ചു കയറ്റമാവണം. അത് അസ്തിത്വത്തിലേക്കുള്ള തുളച്ചു കയറ്റമാവണം. വിവരണം അർഥവത്താകുന്നത് അപ്പോഴാണ്. മുമ്പ് കഥാമത്സരത്തിൽ സമ്മാനം നേടിയ അബിൻ ജോസഫിന്റെ രചനയും ഇതുപോലെ വ്യഥാഖ്യാനം കൊണ്ട് ചെടിപ്പുണ്ടാക്കി.

ഇങ്ങനെ വ്യഥാഖ്യാനം വ്രതമാക്കിയവർ പങ്കിടുന്ന പൊതുവായ വിഷയങ്ങൾ അല്പം ഗുഹ്യമാണെന്ന് പറയട്ടെ. മലം, വിസർജനം, വിസർജനാവയവം, തെറി, കക്കൂസ്, മൂലക്കുരു, മൂത്രം, കഫം, ലിംഗം, ശുക്ലം തുടങ്ങിയ വിഷയങ്ങൾ കഥയിൽ വിവരിച്ചാൽ എന്തോ പുതുമയുണ്ടാകുമെന്നാണ് പുതിയ ചില കഥാകൃത്തുക്കൾ കരുതുന്നത്. ഇത് അബദ്ധ ധാരണയാണ്. ഇതൊക്കെ ആവശ്യം വന്നാൽ എഴുതാം. എന്നാൽ അത് വ്യഥാഖ്യാനമാകരുത്. ആഖ്യാനം അർഥം അന്വേഷിക്കുന്ന പ്രതീതി ജനിപ്പിക്കണം. എന്തിനാണ് എഴുതുന്നത് ?അസ്തിത്വത്തെ ക്കുറിച്ച് , ഇതുവരെ വെളിപ്പെടാത്ത അർഥത്തിന്റെ ഒരു കണമെങ്കിലും ഉണ്ടാവണം. ഇല്ലെങ്കിൽ അത് വെറുതെയായിപ്പോകും.

അമലിന്റെ കഥ നിറയെ മൂലക്കുരുവും ചോരയും ചേനയും മാത്രമാണുള്ളത്. കഥ വായിക്കുന്നയാളിനു മൂലക്കുരുവിനുള്ള മരുന്ന് കൊടുക്കുകയാണോ ലക്ഷ്യം. ?

അമ്മ സ്നേഹിച്ച അമ്മിയെ പിൽക്കാല തലമുറ കക്കൂസിലേക്കുള്ള നടപ്പാതയിൽ ചവിട്ടുകല്ലായി ഉപയോഗിക്കുന്നതിന്റെ വേദനിപ്പിക്കുന്ന കഥയാണ് (അമ്മയുടെ ഹൃദയം, വിദ്യാരംഗം) നാസർ കക്കട്ടിൽ എഴുതുന്നത്. അമ്മയുമായി ഹൃദയബന്ധം സൂക്ഷിക്കുന്നവർക്ക് അമ്മ ഉപയോഗിച്ച സാധനങ്ങളും പവിത്രമാണ്. എന്നാൽ നാസറിനെപ്പോലെ ഏതാനും കഥാകൃത്തുക്കളിലേ ഈ ഓർമകളൊക്കെ അവശേഷിക്കുന്നുള്ളൂ.

പുസ്തകം

ഷിബു ചാക്കോ എഴുതിയ കഥകളുടെ സമാഹാരമാണ് 'വാൾ എറൗണ്ട് ദ് എയർ ' (ആമസോൺ). മുപ്പത്തിയേഴ് ചെറിയ കഥകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഷിബു എന്ന കഥാകൃത്തിനെക്കുറിച്ച് കൂടുതലൊന്നും അറിയില്ല. പുസ്തകത്തിൽ ബയോ ചേർത്തിട്ടില്ല. ഷിബുവിന്റെ കഥകൾ തത്ത്വചിന്താപരവും മൂല്യപരവുമായി ഉൾക്കാഴ്ച നൽകുന്നുണ്ട്. ജൂദാസ്, ടോക്കിങ് സൈലൻസ്, പ്രേയർ ഫോർ സാൽവേഷൻ, ഡെത്ത് ഒഫ് വൺ ഡേ തുടങ്ങിയ കഥകൾ നമ്മെ ചിന്തിപ്പിക്കും. വളരെ സുതാര്യവും ശക്തവുമായ ഭാഷയിൽ എഴുതിയിരിക്കുന്നു .

ദർശനം

1) രോഗം

രോഗം മനുഷ്യന് ഒരു ഉരഗജന്മമാണ് നൽകുന്നത്. ഏറ്റവും താഴെ, മണ്ണിനോടു ചേർന്നു കിടന്ന് ആകാശത്തിലേക്ക് കഷ്ടപ്പെട്ടു നോക്കാനുള്ള അവസരം.

2) ദൈവം

ദൈവം എവിടെയുമുണ്ട്. എന്നാൽ ഒരു കൈയുറയോ, സാനിറ്റൈസറോ, മാസ്കോ കിട്ടാൻ അതിലേറെ പ്രയാസമാണ്.

3) ജീവിതം

വൈറസിനെതിരെ പൊരുതാൻ ശക്തിയുള്ള ശരീരവും മനസ്സുമുള്ളവർ ജീവിതത്തെ പുനർവ്യാഖ്യാനിക്കുകയാണ്.

4) ഭാഷ

ചിലപ്പോൾ ഭാഷകൊണ്ട് ഒരു പ്രയോജനവുമില്ല. അകന്ന പ്രേമഭാജനത്തോട് ഭാഷയിലൂടെ ഒന്നും വിനിമയം ചെയ്യാനാവില്ല.

5) സാഹിത്യം

ഒരു കഥ പറയുമ്പോഴല്ല, അതിനെ ധ്വംസിക്കുമ്പോഴാണ് സാഹിത്യമുണ്ടാകുന്നത്.

പകർച്ചവ്യാധിയും ചിത്രകലയും

ചരിത്രത്തിൽ ഇതിനുമുമ്പും പകർച്ചവ്യാധികൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ പലവട്ടം വ്യാധികളുടെ ആക്രമണമുണ്ടായി. വ്യാധിയിൽപ്പെട്ട് ഉഴലുന്ന മനുഷ്യരെ ചിത്രകാരന്മാർ ആവിഷ്കരിച്ചിട്ടുണ്ട്.

ഇറ്റലിയിൽ നേപ്പിൾസിൽ 1656 ൽ പിടിപെട്ട പ്ലേഗ് മൂലം രണ്ടു ലക്ഷം പേർ മരിച്ചു. പ്രതിരോധിക്കാനാവാതെ മനുഷ്യർ പിടഞ്ഞുവീണു. മരണത്തിന്റെ നൃത്തം ഭീകരമായി ആവിഷ്കരിക്കപ്പെട്ടു.

ഈ സംഭവം ആസ്പദമാക്കി പ്രമുഖ ഇറ്റാലിയൻ ചിത്രകാരനായ സാൽവദോർ റോസ വരച്ച 'ഹ്യൂമൻ ഫ്രെയ്ൽറ്റി' (മാനുഷികമായ പരാധീനത) എന്ന ചിത്രം ലോകപ്രശസ്തമാണ് .

ആ ചിത്രത്തിൽ ഇരുട്ടിൽ നിന്ന് പറന്നു വന്നിറങ്ങുന്നത് ഒരു അസ്ഥികൂടമാണ്. ഇരുവശങ്ങളിലായി വലിയ വിടർന്ന ചിറകുകൾ. ആ അസ്ഥികൂടം ഒരു ഭീകരജീവിയെ പോലെ മനുഷ്യരോടു എന്തോ വിനിമയം ചെയ്യുകയാണ്. മരണം തന്നെയാണത്. അമ്മയുടെ മടിയിലിരുന്ന് ഒരു കുഞ്ഞ് എന്തോ എഴുതുന്നത് കാണാം. തൊട്ടടുത്ത് വേറെയും കുട്ടികളുണ്ട്. എന്തായിരിക്കും ആ കൈക്കുഞ്ഞ് എഴുതുന്നത്? നിസഹായമായ ഒരു കീഴടങ്ങലിന്റെ വിധേയഭാവം ആ കുട്ടി പകരുകയാണ്. അസ്ഥികൂടം മരണം തന്നെയാണ്. അത് ആ കൊച്ചു കുഞ്ഞിനെ കൊണ്ടു പോകാനുള്ള തിടുക്കത്തിലും. മാനവരാശി മരണവുമായി സമരസപ്പെടാനും അതിനു കീഴടങ്ങാനും ഒരുക്കമാണെന്നറിയിക്കുന്നതിന്റെ രൂക്ഷമായ അവതരണമായി ഈ ചിത്രം മാറിയിരിക്കുന്നു.

മനുഷ്യൻ അവന്റെ കേവലബുദ്ധി കൊണ്ട് ധീരമായി എന്തിനെയും നേരിടുമെന്നും മരണം അടുത്ത് എത്തുമ്പോഴും ശിശുസഹജമായ നിഷ്കളങ്കതയിലൂടെ അവൻ ചില വിനിമയങ്ങൾ സാധ്യമാക്കുമെന്നും സാൽവദോർ റോസ ചിത്രത്തിലൂടെ അറിയിക്കുന്നു. അന്നത്തെ പ്ലേഗിന്റെ ഇരയായിരുന്നു റോസ. അദ്ദേഹത്തിന്റെ മകനെയും ചില കുടുംബാംഗങ്ങളെയും ആ പ്ലേഗിൽ നഷ്ടപ്പെട്ടിരുന്നു.

ബ്രൂഗൽ എന്ന ഇതിഹാസം

പതിനാറാം നൂറ്റാണ്ടിലെ ഡച്ച് ചിത്രകാരനായിരുന്ന പീറ്റർ ബ്രൂഗൽ ദ് എൽഡർ (1525-1569) ഒരു ഇതിഹാസം പോലെ അനുഭവപ്പെടുകയാണ്. മധ്യകാല ഘട്ടത്തിലെ കൃഷിക്കാരും അവരുടെ ജീവിതവുമാണ് ബ്രൂഗൽ വരകളിലേക്ക് ആവാഹിച്ചത്. 'നെതർലാൻഡിഷ് പ്രോവെർബ്സ്'(1559) എന്ന ചിത്രം നിത്യവിസ്മയവും നിത്യരഹസ്യവുമാണ്.

ഒരു കടലോര ഗ്രാമജീവിതത്തിന്റെ വൈവിധ്യത്തിലേക്ക് കുറച്ച് അകലെ നിന്ന്, തെല്ല് ഉയരത്തിൽ നിന്ന് നോക്കുന്ന പ്രതീതിയാണുള്ളത്. പല തരം തൊഴിൽ ചെയ്യുന്നവരാണധികവും. അവരോടൊപ്പം ഇണങ്ങിക്കഴിയുന്ന വളർത്തുമൃഗങ്ങളെയും കാണാം. മധ്യകാലഘട്ടത്തിലെ പെണ്ണുങ്ങൾ സാധാരണ ഡച്ച് ജീവിതത്തെ എങ്ങനെയാണ് വൈവിധ്യവൽക്കരിച്ചതെന്ന് അവരുടെ സമ്പൂർണമായ സമർപ്പണത്തിലൂടെ വ്യക്തമാക്കി തരുന്നു. ജീവിതം ത്രസിക്കുകയും വ്യഗ്രതയിൽ കമ്പനം കൊള്ളുകയും ചെയ്യുകയാണ്. കടലിന്റെ കുറച്ചു ഭാഗങ്ങൾ കാണാം. കടലിനൊപ്പം അവരുടെ ജീവിതവും തിരകളിലാണ്. എന്നാൽ ബ്രൂഗൽ എന്ന മാന്ത്രികൻ തന്റെ സ്വയം സമ്പൂർണമായ വർണ ബോധത്താൽ ആ ഗ്രാമജീവിതത്തിന്റെ ലാളിത്യത്തെയും അധ്വാനശീലത്തെയും ഒരു സ്വപ്നത്തിന്റെ ഐതീഹ്യപരതകൊണ്ട് പുതപ്പിച്ചിരിക്കുന്നു. സ്വപ്നത്തിലെ മിസ്റ്റിക് അനുഭവം പോലെ നിറങ്ങൾ ഭാവനൃത്തം ചവിട്ടുന്നു. മഞ്ഞയും കറുപ്പും ഒരു പുതിയ വിതാനത്തിലേക്കുയരുന്നു. ഒരു വർണലീലയായി മാറുന്ന ചിത്രം ക്യാൻവാസിനെ പുതിയ അവബോധത്തോടെ നവീകരിക്കുന്നു.

ബ്രൂഗൽ ഒരു നൂറ്റാണ്ടിന്റെ നായകനാണെന്ന് പറയുന്നത് ഒട്ടും അതിശയോക്തിയല്ല. എന്നാൽ എച്ച്ഡി (ഹൈ ഡെഫിനിഷൻ) സാങ്കേതികവിദ്യയെപ്പോലും മറികടക്കുന്ന സൂക്ഷ്മത കൈവരിച്ച ഈ ചിത്രകാരനെ വരയുടെ, വർണ ബോധത്തിന്റെ ദൈവമെന്ന് വിളിച്ചാൽ , എതിർപ്പുമായി അധികം പേർ വരുമെന്ന് തോന്നുന്നില്ല.

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ബ്രൂഗലിനു ബദലായി, അദ്ദേഹത്തിനപ്പുറം പോകാൻ ആരുമില്ല.

വാക്കുകൾ

ഒരു നല്ല ഡോക്റ്റർ ചികിത്സിക്കുന്നത് രോഗത്തെയാണ്; എന്നാൽ ഒരു വലിയ ഡോക്റ്റർ ചികിത്സിക്കുന്നത് രോഗമുള്ളയാളിനെയാണ്.
- വില്യം ഓസ്ലർ , കനേഡിയൻ ഫിസിഷ്യൻ .

പ്രണയം ഗൗരവമുള്ള ഒരു മാനസികരോഗമാണ്.
-പ്ലേറ്റോ, ഗ്രീക്ക് തത്ത്വചിന്തകൻ.

ഭാവിയിലെ ഡോക്റ്റർ മരുന്നു നൽകില്ല. എന്നാൽ മനുഷ്യന്റെ പരിധികളെക്കുറിച്ച്, ഭക്ഷണ രീതിയെക്കുറിച്ച്, രോഗകാരണത്തെയും പ്രതിരോധത്തെയും കുറിച്ച് രോഗിയോടു വിവരിക്കും.
- തോമസ് ആൽവ എഡിസൺ, അമെരിക്കൻ ശാസ്ത്ര കണ്ടുപിടിത്തങ്ങളുടെ ഉപജ്ഞാതാവ്.

ചിത്രകാരന്റെ ഭാഷയല്ല, പ്രകൃതിയുടെ ഭാഷയാണ് ശ്രദ്ധിക്കേണ്ടത്.
- വാൻഗോഗ്, ഡച്ച് ചിത്രകാരൻ.

സാധാരണ ജീവിതാനുഭവത്തെ പുതുക്കാനുള്ള കഴിവിനെയാണ് പ്രതിഭ എന്നു പറയുന്നത്.
- പോൾ സെസാൻ, ഫ്രഞ്ച് ചിത്രകാരൻ.

കാലമുദ്രകൾ

വയലാർ രാമവർമ
മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു എന്ന് വയലാർ എഴുതി. എന്നാൽ ക്രിസ്തുവിനെ സൃഷ്ടിച്ചത് ക്രിസ്തുമതമാണോ ? ഒരാൾ സിനിമാഗാനത്തിൽ എഴുതുന്നത് അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമാകണമെന്നില്ല. കാരണം ഗാനം ഒരു വ്യവസായ ഉല്പന്നമാണ്.

പ്രേം നസീർ
അടൂർ ഭാസി, ജയൻ തുടങ്ങിയവരുടെ കൂടെ അഭിനയിക്കുമ്പോൾ, ചിലപ്പോൾ ഉപനായകനായി അഭിനയിക്കാനും വലിയവനായ നസീർ മടിച്ചില്ല .



കുട്ടിക്കൃഷ്ണമാരാർ
കുട്ടിക്കൃഷ്ണമാരാർ മഹാഭാരതത്തെ യുക്തികൊണ്ട് പരിശോധിച്ചു വ്യാഖ്യാനിക്കുകയാണ് 'ഭാരതപര്യടന'ത്തിൽ ചെയ്തത്. ഇന്ന് പലരും മഹാഭാരതത്തിന്റെ കഥ സംഗ്രഹിച്ച് എഴുതുകയാണ്. ചിലർ അതിനെക്കുറിച്ച് പല കാലങ്ങളിൽ, പലർ എഴുതിയത് സ്വാംശീകരിച്ച് പുസ്തകമാക്കുന്നു.

ബി.രാജീവൻ
ഏത് ലേഖനത്തിലും മുതലാളിത്തം, കീഴാളൻ, ലിബറൽ യുക്തിവാദം, ജനസഞ്ചയം, സ്ത്രീ രാഷ്ട്രീയം എന്നെല്ലാം എഴുതി തനിക്ക് സ്വന്തമായി ഒന്നും പറയാനില്ലെന്ന് വ്യക്തമാക്കുന്ന വിമർശൻ. ഈ സാങ്കേതികതയിൽ നിന്ന് രക്ഷപ്പെട്ട് സൗന്ദര്യം അനുഭവിക്കാൻ അദ്ദേഹത്തിനു വിധിയില്ല.

സാംബശിവൻ
ഒരു കാലത്ത് മലയാളിയുടെ രാവുകളെ ഉത്സവമേളമാക്കിയ സാംബശിവന്റെ സ്മൃതികളിൽ ഇപ്പോൾ ആ ആൾക്കൂട്ടമില്ല, ആരവമില്ല. അവരെല്ലാം അദ്ദേഹത്തെ സൗകര്യ പൂർവം മറന്നുകളഞ്ഞിരിക്കുന്നു.

ജനത കർഫ്യു ദിനത്തിൽ ചിന്തിക്കാൻ..!

" വേണ്ടസമയത്ത് നല്ല മനുഷ്യർ നിഷ്ക്രിയരായിരിക്കുമ്പോൾ തിന്മ വിജയിക്കും. "
എഡ്മണ്ട് ബർക്ക്

ലോകം ഇന്ന് കൊറോണ വയറസിനെ ഭയന്നു കഴിയുകയാണല്ലോ, ഈ പ്രതിസന്ധികളെ നാം വിവേകത്തോടെ ധൈര്യപൂർവം നേരിടുകതന്നെ ചെയ്യും. എന്നാൽ അതിനുശേഷം ലോകത്താകമാനമുണ്ടാകാൻ പോകുന്ന പ്രശ്നങ്ങളെ എങ്ങനെയാണ് അഭിമുഖീകരിക്കേണ്ടതെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പണ്ട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങൾ അയർലൻഡ് എന്ന കൊച്ചുരാജ്യത്തെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു ദയനീയാവസ്ഥ നേരിടേണ്ടിവന്നു. ഭക്ഷ്യക്ഷാമവും പട്ടിണിയുംമൂലം ഐറിഷുകാർ ഏറെ വലഞ്ഞു. അക്കാലത്തെ ഭക്ഷ്യക്ഷാമമാണ് അനേകായിരം ഐറിഷുകാരെ അമേരിക്കയിലേക്കു കുടിയേറാൻ പ്രേരിപ്പിച്ചത്.

ആ ഭക്ഷ്യക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഒരു നാടകമാണ് ദ ബ്ലാക്ക് സ്ട്രെയിൻജർ. ജെറാൾഡ് ഹീലി എഴുതിയ ഈ നാടകത്തിലെ ഒരു കഥാപാത്രമാണു മൈക്കിൾ എന്ന ചെറുപ്പക്കാരൻ.

മൈക്കിൾ ഒരു ദിവസം പുറത്തേക്കു പോയപ്പോൾ കണ്ടതെന്തെന്നോ? ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ഒട്ടേറെപ്പേർ ഒരു വഴി വെട്ടുകയാണ്. മറ്റു തൊഴിലൊന്നും കൊടുക്കാനില്ലാതിരുന്നതിന്റെ പേരിൽമാത്രം ആരംഭിച്ച ഒരു പണിയായിരുന്നു ഈ വഴിവെട്ടൽ.

ഈ വഴിയുടെ പ്രത്യേകത അതിനൊരു ലക്ഷ്യമില്ല എന്നുള്ളതായിരുന്നു. ആരെയും പ്രത്യേകിച്ചൊരിടത്തും എത്തിക്കാൻ ഉദ്ദേശ്യമില്ലാതെ ആരംഭിച്ച ഈ വഴിയുടെ നിർമാണം കണ്ട് വീട്ടിൽ മടങ്ങിയെത്തിയ മൈക്കിൾ പിതാവിനോടു പറയുകയാണ്:ആരെയും ഒരിടത്തും എത്തിക്കാത്ത റോഡുകളാണ് അവർ വെട്ടുന്നത്.

ഇങ്ങനെ നമ്മുടെ നാട്ടിലെങ്ങും ആരെയും ഒരിടത്തും എത്തിക്കാത്ത വഴികളൊന്നും ആരും വെട്ടാനിടയില്ല. എന്നാൽ, നമ്മുടെ ജീവിതത്തിൽ അങ്ങനെയാണോ? നാം പലപ്പോഴും ജീവിതത്തിൽ വെട്ടുന്ന പാതകൾ നമ്മെ എവിടെയെങ്കിലും എത്തിക്കാറുണ്ടോ?നിർണായകമായ സമയമാണിത് . നമ്മുടെ ജീവിതത്തിൽ നാം തെളിച്ച പാതകൾ നമ്മെ എവിടെയെത്തിച്ചു എന്ന് അന്വേഷിക്കുന്നതു നന്നായിരിക്കും. അതുപോലെ ഇനി നാം തെളിക്കുന്ന പാതകൾ നമ്മെ എങ്ങോട്ടു നയിക്കും എന്നതിനെക്കുറിച്ചും നമുക്കു നല്ല ബോധ്യമുണ്ടായിരിക്കേണ്ടതാണ്.ഓരോരോ ലക്ഷ്യംവച്ചുകൊണ്ട് നാം പലപ്പോഴും പല പാതകൾ നമ്മുടെ ജീവിതത്തിൽ തെളിക്കാറുണ്ട്. എന്നാൽ, അവയെല്ലാം നമ്മെ ലക്ഷ്യത്തിലെത്തിക്കാറുണ്ടോ? അതുപോലെ, ലക്ഷ്യമുള്ളവയാണോ നാം തെളിക്കുന്ന പല പാതകളും? ഇനി നമ്മുടെ പാതകൾക്ക് ലക്ഷ്യങ്ങളുണ്ടെങ്കിൽത്തന്നെ അവ ശരിയായ ലക്ഷ്യങ്ങളാണോ?നമ്മൾ സ്വയം ചോദിക്കേണ്ട ചോദ്യങ്ങളാണിവ.ലക്ഷ്യബോധമുള്ളവരാകാം നമ്മിൽ ഭൂരിപക്ഷംപേരും. എന്നാൽ, നാം തെരഞ്ഞെടുക്കുന്ന പല ലക്ഷ്യങ്ങളും ജീവിതത്തിൽ സ്ഥായിയായ നന്മ ഉറപ്പുവരുത്തുന്നവയാണോ എന്നു സംശയിക്കണം. ജീവിതവ്യഗ്രതകൾക്കിടയിൽ നാം തെരഞ്ഞെടുക്കുന്ന പല ലക്ഷ്യങ്ങളും, ആ ലക്ഷ്യങ്ങളുടെ പ്രാപ്തിക്കായി തെരഞ്ഞെടുക്കുന്ന പല പാതകളും പലപ്പോഴും നമ്മെ അപകടത്തിൽച്ചാടിക്കാറില്ലേ?

നമ്മുടെ ജീവിതസന്ധാരണത്തിനു പണം കൂടിയേ തീരൂ. എന്നാൽ, പണസമ്പാദനമാണു ജീവിതലക്ഷ്യമായി തെരഞ്ഞെടുക്കുന്നതെങ്കിൽ നമ്മുടെ പോക്ക് അപകടത്തിലേക്കാണെന്നതിൽ സംശയമില്ല. അതുപോലെ, ഏതുവിധേനയും പണം സമ്പാദിക്കാനുള്ള പാതകളാണു നാം തെളിക്കുന്നതെങ്കിൽ നമ്മുടെ ജീവിതം അപ്പാടെ താറുമാറാകില്ലേ?ജീവിതത്തിൽ തീർച്ചയായും നമുക്കു ലക്ഷ്യങ്ങളുണ്ടാകണം. എന്നാൽ, അതുകൊണ്ടു മാത്രമായില്ല, നാം ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങൾ നമ്മുടെ മൊത്തം നന്മയും സൗഭാഗ്യവും ഉറപ്പുവരുത്തുന്നവയുമായിരിക്കണം. അല്ലാതെ പോയാൽ, ജീവിതത്തിന്റെ അടിത്തറ മാന്തുകയായിരിക്കും നാം ചെയ്യുക.

അതുപോലെ ഏറെ പ്രധാനപ്പെട്ടതാണു ലക്ഷ്യപ്രാപ്തിക്കായി നാം സ്വീകരിക്കുന്ന മാർഗങ്ങൾ. ഉറച്ച ധർമബോധത്തോടുകൂടിയാണു നമ്മുടെ പാതകൾ വെട്ടിത്തെളിക്കുന്നതെങ്കിൽ നമുക്കൊന്നും ഭയപ്പെടാനില്ല. എന്നാൽ, ധാർമികചിന്തകളൊക്കെ മാറ്റിവച്ചു ലക്ഷ്യപ്രാപ്തിക്കായി ഏതുവഴിയും സ്വീകരിക്കുന്ന രീതിയാണു നമ്മുടേതെങ്കിൽ ഈ പ്രതിസന്ധികൾക്കുശേഷവും നമ്മുടെ ജീവിതത്തിൽ സംതൃപ്തിയും സമാധാനവുമുണ്ടാകില്ലെന്നു തീർച്ചയാണ്.

ഇക്കണ്ടകാലമത്രയും ലക്ഷ്യം വച്ച കാര്യങ്ങളും അവ നേടിയെടുക്കാൻ സ്വീകരിച്ച മാർഗങ്ങളും തെറ്റായിരുന്നുവെങ്കിൽ ആ പാതയിൽനിന്നുപിൻതിരിയാൻ പുനർവിചിന്തനം നടത്താൻ പറ്റിയ സമയമാണിത്. അതോടൊപ്പം, നമുക്കു ദാനമായി ലഭിക്കുന്ന ഇനിയുള്ള നാളുകളിൽ നാം ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങളും അതിനായി സ്വീകരിക്കുന്ന വഴികളും സ്വന്തം നന്മയ്ക്കും സമൂഹനന്മയ്ക്കും ഉദകുന്നതാണെന്ന് ഉറപ്പുവരുത്തുക കൂടി ചെയ്യണം.

എല്ലാ ആളുകളും സന്തുഷ്ടജീവിതം ആഗ്രഹിക്കുകയും കൊതിക്കുകയും ചെയ്യുന്നു. എന്നാൽ അത്തരത്തിലൊരു ജീവിതം കൈവരിക്കുന്നതിന് എന്താണ് ചെയ്യേണ്ടതെന്നറിയാതെ കറങ്ങുന്നു. പലരും ആശയക്കുഴപ്പത്തിലാണ്. ഉദാഹരണമായിപ്പറഞ്ഞാൽ പണമാണ് അതിനുപറ്റിയ ഏക മാർഗമെന്ന് ചിലർ കരുതുന്നു. പദവിയും പത്രാസുമാണെന്ന് മറ്റുചിലരും കരുതുന്നു. സന്തോഷത്തിലേക്കുള്ള വഴി വെട്ടാൻ പലർക്കുമറിഞ്ഞുകൂടാ. പലരുടേയും ലക്ഷ്യം തെറ്റുന്നു. അതോടെ അവർ സന്തുഷ്ട ജീവിതത്തിൽനിന്ന് അകലുന്നു.യഥാർത്ഥത്തിൽ സന്തുഷ്ട ജീവിതം സൃഷ്ടിക്കുന്ന നന്മ നിറഞ്ഞ പ്രവൃത്തികളാണ് ഏറ്റവും വിലയേറിയ സംഗതികൾ; അവ ഉത്പാദിപ്പിക്കുന്നു എന്നുകരുതപ്പെടുന്ന ബാഹ്യവഴികളില്ല. ഇന്ന് പൊതുവിൽ കാണപ്പെടുന്ന ഒരു കാര്യമാണ് പണത്തിന്റെ പിന്നാലെയുള്ള പരക്കംപാച്ചിൽ..! ഇതൊക്കെ കണ്ടുവളരുന്ന പുതുതലമുറയിലെ കുട്ടികളും പണമുണ്ടാക്കുന്ന വഴികളെക്കുറിച്ച് ആദ്യം തന്നെ ചിന്തിച്ചുതുടങ്ങുകയായി. ഏതായാലും നാം ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങളെക്കുറിച്ചും അവ നേടിയെടുക്കാനായി തെളിക്കുന്ന പാതകളെക്കുറിച്ചും നമുക്കു വ്യക്തമായ ധാർമിക കാഴ്ചപ്പാടുണ്ടായേ മതിയാകൂ. രാജ്യം ഒരു പ്രതിസന്ധിയിലേക്ക് കടക്കുന്ന അവസരത്തിൽ നമുക്ക് ഇക്കാര്യത്തിൽ പ്രത്യേകം ജാഗ്രത ഉണ്ടാകേണ്ടത് ആവശ്യമല്ലേ...! ശാന്തമായി മനസിരുത്തി ചിന്തിക്കാൻ കൂടി ഈ ജനതാ കർഫ്യു ദിനം ഉപകരിക്കട്ടെ.

ദൈവം എന്തിനേക്കാളുപരി ജ്ഞാനികളെ സ്നേഹിക്കുന്നു.
ജ്ഞാനത്തിന് സൂര്യനേക്കാൾ ശോഭയുണ്ട്.
ബൈബിൾ

SUCCESS PYRAMID

ജോഷി ജോർജ്
joshygeorgecartoonist@gmail.com
mob- 9895922316

പൂത്തുലഞ്ഞ ചന്ദനമരം

സുകേഷ് ഇമാം

ഒരു ചന്ദനമരം പൂത്തുലഞ്ഞത് പോലെയാണ് ഇപ്പോൾ അട്ടപ്പാടിയിലുള്ള നഞ്ചിയമ്മ. ചന്ദനമരം നന്നായി മൂത്താലെ നല്ല സുഗന്ധവും കാതലും തൈലവും എല്ലാം കിട്ടു എന്നത് പോലെ പ്രായം 60 കഴിഞ്ഞപ്പോൾ നഞ്ചിയമ്മ പാടിയ പാട്ടാണ് ഇപ്പോൾ കേരളക്കരയാകെ ചന്ദനമരം പോലെ പൂത്തുലഞ്ഞ് നിൽക്കുന്നത്. 'കളക്കൊട്ട സന്ദന മേരാ വെകുവേകാ പൂത്തിറുക്ക്.. പൂപറിക്ക പോകിലേ, മുവിനെ നാട്ടുപക്കിലമോ..ലാലാലേ, ലാലേലല്ലേ..ലാലേലാലേ ലാലലേ, ലാലാലേ, ലാലേലല്ലേ..ലാലേലാലേ ലാലലേ' എന്ന പാട്ടിലൂടെ നഞ്ചിയമ്മ മലയാള സിനിമയുടെ ചരിത്രം തന്നെ തിരുത്തി. ' കിഴക്ക് ചന്ദനമരം തുടുതുടാ പൂത്തിട്ടുണ്ട്, പൂപറിക്കാൻ പോകാലോ' എന്നർത്ഥം വരുന്ന പാട്ട് ഇരുള ആദിവാസി വിഭാഗത്തിന്റെ ലിപിയില്ലാത്ത വാമൊഴി മാത്രം ഉള്ള ഭാഷയിലുള്ളതാണ്. ആരും അതുവരെ കേട്ടിട്ടില്ലാത്ത പ്രത്യേക ശബ്ദത്തിൽ ,താളത്തിൽ സച്ചി സംവിധാനം ചെയ്ത് പൃഥിരാജ്- ബിജുമേനോൻ മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിച്ച ' അയ്യപ്പനും കോശിയും ' എന്ന സിനിമയിലെ ടൈറ്റിൽ സോങ്ങായതോടെ സിനിമക്കൊപ്പം നഞ്ചിയമ്മയുടേയും ചന്ദനമരം പൂത്തു. ഒരൊറ്റപാട്ട് കൊണ്ട് കേരളത്തിന് പുറമെ തമിഴ്നാട്ടിലും നഞ്ചിയമ്മയെന്ന ചന്ദനമരം പൂത്ത് സുഗന്ധം പൊഴിച്ച് നിൽക്കുകയാണ് ഇപ്പോൾ.

നഞ്ചിയമ്മ പാടിയ സിനിമ ഇറങ്ങിയ ശേഷം അട്ടപ്പാടിയിൽ ഇരിക്കാൻ നഞ്ചിയമ്മക്ക് കഴിഞ്ഞിട്ടില്ല. ' പടം ഇറങ്ങിയ അന്ന് ആരൊക്കയൊ കാണാൻ വീട്ടിൽ വന്നു. പിന്നെ എനിക്ക് ഇരിക്കാനെ നേരം കിട്ടുന്നില്ല,
അന്ന് തുടങ്ങിയ യാത്രയാണ്. ആഴ്ചയിൽ ഒരു ദിവസം പോലും വീട്ടിൽ നിൽക്കാൻ കഴിയാത്ത അവസ്ഥയാണ്' നഞ്ചിയമ്മ പറഞ്ഞു. പലപ്പോഴും കൂടെയുള്ള പഴനി സ്വാമിയുടെ ഫോണിലേക്ക് നഞ്ചിയമ്മക്ക് വിളികൾ വന്നുകൊണ്ടിരിക്കും. പഴനി സ്വാമിയാണ് നഞ്ചിയമ്മയെ സിനിമ രംഗത്തേക്ക് കൊണ്ടുവരാൻ നേതൃത്വം കൊടുത്തത്, ആ ചിത്രത്തിൽ ഫൈസൽ എന്ന എക്സൈസ് ജീവനക്കാരനായി മുഖ്യവേഷം പഴനിസ്വാമിയും ചെയ്തിരുന്നു. നഞ്ചിയമ്മയെ എവിടെ പോകുമ്പോഴും പഴനി സ്വാമി കൂടെയുണ്ടാവും. പഴനിസ്വാമിയില്ലെങ്കിൽ നഞ്ചിയമ്മയില്ല എന്നതാണ് സ്ഥിതി. പഴനിസ്വാമി ഓടിക്കുന്ന ബൊലറോ ജീപ്പിലാണ് നഞ്ചിയമ്മയുടെ ഇപ്പോഴത്തെ യാത്രകൾ. കേരളത്തിനും അകത്തും പുറത്തുമായി സ്വീകരണങ്ങൾ, ഉദ്ഘാടനങ്ങൾ തുടങ്ങിവയക്കെല്ലാം യാത്ര ഈ വണ്ടിയിലാണ്.

നഞ്ചിയമ്മയ്ക്ക് ആട്ടും പാട്ടും എന്നാൽ ജീവിതം തന്നെയാണ്. തൊട്ടിലിൽ കിടക്കുന്ന കാലത്തും അമ്മയുടെ ഒക്കത്തിരുന്നും പാട്ട് മൂളിതുടങ്ങിയ നഞ്ചിയമ്മ സ്കൂളിൽ പോയിട്ടില്ല. ആ കാലത്ത് അവിടെ സ്കൂൾ ഇല്ലായിരുന്നു.

മുത്തശ്ശിയും അമ്മയുമൊക്കെ കുലത്തൊഴിലായി ചെയ്ത ആടു മേക്കലായിരുന്നു പണി.

രാവിലെ ആടുകളേയും കൊണ്ട് മലമുകളിലേക്കും ഉൾക്കാടുകളിലേക്കും പോകാൻ തുടങ്ങി. അപ്പോൾ മനസ്സിൽ നിറയുന്നതും കാഴ്ചകളും പാട്ടുകളാക്കി പാടാൻ തുടങ്ങി. ആദ്യമൊക്കെ നഞ്ചിയമ്മയുടെ പാട്ടുകൾ ഏറ്റവും കൂടുതൽ കേട്ടിട്ടുണ്ടാകുക അട്ടപ്പാടിയിലെ കാടും മലകളും പുഴകളുമൊക്കെയാണ്.

കാടിന്റെ കിഴക്കെ ചരുവിൽ ചന്ദനമരം പൂത്തുനിൽക്കുന്നതും അതിന് മുകളിലൂടെ വിമാനം പറക്കുന്നതും കൂട്ടികളോട് പറയുന്ന വിധത്തിൽ പിന്നീട് പാട്ടാക്കി പാടി.

പൂവും കാടും, പുഴയും, കാറ്റും എല്ലാമാണ് നഞ്ചിയമ്മയുടെ പാട്ടിലെ വിഷയം. എഴുതി തയ്യാറാക്കിയ പാട്ടുകൾ ഇല്ല. ആദിവാസി വിഭാഗത്തിലെ ഇരുള സമുദായത്തിന്റെ ലിപിയില്ലാത്ത ഭാഷയിലാണ് പാട്ടുകളെല്ലാം. ഇരുള സമുദയാത്തിൽ ഏഴ്ഉപവിഭാഗങ്ങളുണ്ട്. അട്ടപ്പാടിയിൽ ഓരോ ഗോത്രത്തിനും ഊരിനും പാട്ടുകളുണ്ട്. പഴയ തലമുറ പാടിപാടി പാട്ടുകൾ പുതുതലമുറയ്ക്ക് കൈമാറി പോകും. അങ്ങിനെ പാടിവന്ന പാട്ടുകളിലൂടെയാണ് ബാല്യത്തിൽ നഞ്ചിയമ്മയും പാട്ടുകാരിയായത്. പക്ഷെ ഒരു പുതുപ്പാട്ട് പാടാൻ പറയുമ്പോൾ ഉടനെ ഒരു പാട്ടുണ്ടാക്കി പാടാൻ നഞ്ചിയമ്മക്ക് കഴിയുമായിരുന്നു. അയ്യപ്പനും കോശിയും എന്ന സിനിമയിലും നഞ്ചിയമ്മ സ്വയം ഉണ്ടാക്കിയ പാട്ടാണ് ഹിറ്റായത്. മരണത്തിനും അടിയന്തിരത്തിനും കല്യാണത്തിനുമൊക്കെ പാട്ടുകൾ ഉണ്ടായിരുന്നു. മിക്ക ചടങ്ങും അവസാനിക്കുമ്പോ ഒരു പാട്ട് വേണം എന്നുണ്ട്. മരിച്ച ചടങ്ങാണെങ്കിൽ മൃതദേഹത്തിന് ചുറ്റും പാട്ടുപാടി നൃത്തം ചെയ്യണം. പിന്നെ അടിയന്തരത്തിനും ചടങ്ങുണ്ട്. പിന്നെ ഇങ്ങനെയുള്ള ചടങ്ങിനൊക്കെ നഞ്ചിയമ്മ പാടാൻ തുടങ്ങി. ആദ്യമായി ഒരു ചടങ്ങിന് പാടിയതിനെ കുറിച്ചു നഞ്ചിയമ്മ ഓർത്തെടുത്തു -

' ആദ്യത്തെ പാട്ടുപാടിയപ്പോ 13 വയസുണ്ടാവും പാട്ടുമാത്രമല്ല, നൃത്തം കളിക്കാനും പോകും . അച്ഛനും അമ്മയും ഒന്നും ഇങ്ങെനെ കരുതിയേയില്ല.
പട്ടിണി കാരണമാണ് പാട്ടിനും നൃത്തത്തിനും പോയത്
. അങ്ങിനെയങ്ങിനെ മനസിൽ പാട്ടുജനിക്കാൻ തുടങ്ങി. 15 വയസാകുമ്പോഴേക്കും കല്യാണം കഴിച്ചു വിട്ടു. ഞങ്ങളുടെ സമുദായത്തിലെല്ലാം അങ്ങിനെയാണ്. ആ സമയത്ത് എനിക്ക് ബുദ്ധി, വിദ്യ ഒന്നുമില്ല.. പക്ഷെ അന്ന് അങ്ങിനായായിരുന്നു. ഭർത്താവിന്റെ പേര് നഞ്ചിയപ്പൻ . ഞങ്ങൾ രണ്ടാളുടേയും പേര് ഒരു പോലെയാണ്. ഇതെങ്ങനെ സംഭവിച്ചു എന്നറിയില്ല. എന്റെ വീട് തമിഴ്നാടാണ്.. അവിടേക്ക് അട്ടപ്പാടി നക്കുപ്പതി ഊരിലുള്ള അവർ വന്നു കണ്ടു . എന്നെ കെട്ടുമ്പോൾ നഞ്ചിയപ്പന് 25 വയസ് കാണും. കണ്ട് ഒരു വർഷം കഴിഞ്ഞാണ് കല്യാണം കഴിക്കുന്നത്. ഒരു വർഷത്തോളം പ്രണയിച്ചു നടന്നെന്നു പറയാം.

കല്യാണത്തിന് ശേഷം 12 വർഷത്തോളം കുട്ടികൾ ഇല്ലായിരുന്നു. ആ സമയത്ത് എന്റെ കെട്ടിയവൻ എന്നെ നന്നായി നോക്കി. കുട്ടികളില്ലാത്ത വിഷമം അറിയിച്ചില്ല. ഞങ്ങൾ കൃഷി ചെയ്യുന്ന ആൾക്കാരാണ്. റാഗി, ചാമ, തുവര,ചോളം അതൊക്കെയാണ് കൃഷി. കൃഷി ചെയ്യുന്നത് കൊണ്ട് ദാരിദ്ര്യം ഇല്ല. കൃഷിയായത് കൊണ്ട് ദൂരെ എവിടേയും പോകേണ്ട, അങ്ങിനെ വീട്ടിൽ തന്നെയിരുന്നാണ് ഞാൻ കുടുംബം നടത്തി വന്നത്.

ആ സമയത്ത് അട്ടപ്പാടിയിൽ അഹാർഡ്സ് വന്നു. അഹാർഡ്സ് വന്നശേഷം കുറെ ഊരുകളിലേക്ക് പാട്ടുകൾക്കും ആട്ടങ്ങൾക്കും വിളിക്കും. ഇത്തരം ആട്ടവും പാട്ടും അറിയാവുന്നവെരെ വിവിധ ഗ്രൂപ്പുകൾ വിളിക്കും. എന്നേയും അങ്ങിനെ വിളിച്ചു. അപ്പോ എനിക്ക് പോകണമെന്ന് പ്രിയം ഉണ്ടായിരുന്നില്ല. എന്റെ കെട്ടിയവൻ പറഞ്ഞു. നീ ഇങ്ങനെയിരുന്നാൽ നാലാൾക്കാർ എങ്ങിനെ നിന്നെ അറിയും.. പൊയ്ക്കോ, പെണ്ണുങ്ങളൊക്കെ പോകുന്നില്ലേ,.അവരോടൊപ്പം നീയും കൂടിക്കോ. അങ്ങിനെ പറഞ്ഞു. ആ സമയമാവുമ്പോഴേക്കും കുട്ടികൾ ജനിച്ചിരുന്നു. കുട്ടികളെ സ്കൂളിലാക്കിയ ശേഷം വീട്ടിലിരിക്കേണ്ടെന്ന് കരുതി പാട്ടുപാടാനും ആടാനും മറ്റ് പെണ്ണുങ്ങളുടെ കൂടെ പോകാൻ തുടങ്ങി. അന്ന് അവർ അങ്ങിനെ പറഞ്ഞില്ലായിരുന്നെവെങ്കിൽ ഇന്നും ഞാനാ മലഞ്ചെരുവിലൂടെ പാടി നടക്കുന്ന ഒരാൾ മാത്രമാകുമായിരുന്നു.

അഹാർഡിൽ ആദ്യമായി ചെന്നപ്പോൾ അവർ പാടാൻ പറഞ്ഞു.˝ അപ്പോ ഞാനൊരു പാട്ടുപാടി തരാം എന്ന് പറഞ്ഞ് പാടി. എല്ലാ സാറൻമാർക്കും അത് ഇഷ്ടമായി. പഴനിസ്വാമിയെ അവിടെയാണ് കണ്ടുമുട്ടുന്നത്. പത്ത് വർഷത്തിന് മീതെയായി. പിന്നെ ഞങ്ങൾ ഒരു ഗ്രൂപ്പായി. 24 പേരുണ്ടായിരുന്നു ഗ്രൂപ്പിൽ.

. പിന്നീട് എല്ലാ പരിപാടിക്കും പോകാൻ തുടങ്ങി. കേരളത്തിലെ 14 ജില്ലകളിലും ആട്ടത്തിനും പാട്ടിനും പോയിട്ടുണ്ട്, പളനിസ്വാമിയുടെ ആസാദ് കലാസമിതിയിൽ അംഗമായിനാൽ രണ്ട് തവണ ദില്ലിയിലും, മുംബൈയിലുമെല്ലാം ട്രൂപ്പിന്റെ കൂടെ പാടാനും ആടാനും പോയിട്ടുണ്ട്.

ആടും മാടും മേയ്ക്കലാണ് എന്റെ ജോലി.ഒമ്പത് ആടുകളും പശുക്കളും മാടുമൊക്കെയായി പത്തിരുപതെണ്ണം ഉണ്ട്. രാവിലെ പത്ത് പത്തരക്ക് കുളിച്ച് ചോറും കറിയുമെല്ലാം കഴിച്ച് ആടും മാടുമായി മലമുകളിൽ പോകും. പിന്നെ അഞ്ച് മണിക്കാണ് വീടെത്തുക. നക്കുപ്പതി പിരിവിലെ കാട്ടിലേക്കാണ് ആടുമായി പോവുക,
. ഉച്ചക്ക് ഭക്ഷണം കഴിക്കാറില്ല. പിന്നെ വീടെത്തിയ ശേഷം മാത്രം ഭക്ഷണം. വെള്ളം കയ്യിലെടുക്കും. വിശന്നാലും ,മുകളിൽ നിന്ന് താഴേക്ക് ഇറങ്ങാൻ പറ്റില്ല. ആട്, പട്ടി, പൂച്ച. പശു, മാട് എല്ലാം ഉണ്ട്. എവിടെ ചുറ്റികറങ്ങിയാലും അതിനെ പോയി നോക്കണം.. എന്നാലെ സന്തോഷം ഉണ്ടാവു.. ആടിനേയും മാടിനേയും ഒന്നും വിൽക്കാറില്ല. ബുദ്ധിമുട്ടായി വന്നാൽ മാത്രമേ അതിനെ പറ്റി ചിന്തിക്കാറുള്ളു. തുവര കൃഷിയുണ്ട്. ആദ്യം സിനിമാക്കാർ കാണാൻ വന്നപ്പോ ഞാൻ കാട്ടിൽ തുവര പറിച്ചു കൊണ്ടു നിൽക്കുകകായിരുന്നു. അവർക്ക് ആ രൂപത്തിൽ എന്നെ കണ്ടപ്പോൾ സന്തോഷായി.. ഒരു പടം അവരെടുത്തു.

ഒരു ദിവസം എറണാകുളത്തേക്ക് പാടാൻ വരാൻ പറ്റുമോ എന്ന് പഴനിസ്വാമി ചോദിച്ചു. അങ്ങിനെ പൊകാന്ന് പറഞ്ഞു. ഞാൻ ഞങ്ങളുടെ കളിക്ക് കൂടി പാടാത്ത രണ്ട് പാട്ട് കൂടി പാടി കൊടുത്തു. എന്റെ വായിൽ എന്ത് വന്നുവോ അതൊക്കെ പാടികൊടുത്തു. അത് സ്വന്ത പാട്ടാണ്. ഒരു കുഞ്ഞിന് പോലും ഞാനങ്ങിനെ കൊടുത്തിട്ടില്ല. പാട്ടുപാടി കൊടുത്തപ്പോ പാട്ടുമാത്രം പോരാ നഞ്ചമ്മ ചേച്ചി അത് അഭിനയിക്കണം എന്ന് പറഞ്ഞു. അങ്ങിനെ ഞാനതിൽ അഭിനയിച്ചു.

ഭർത്താവ് നഞ്ചിയപ്പൻ മരിച്ചിട്ട് എട്ടു വർഷം ആയി. ഇപ്പോഴത്തെ എല്ലാ സന്തോഷത്തിനിടയിലും തന്നെ താനാക്കിയ നഞ്ചിയപ്പൻ ഇല്ലാത്തതാണ് നഞ്ചിയമ്മയുടെ സങ്കടം. രണ്ട് മക്കളുള്ളതിൽ മകൻ ശ്യാംകുമാർ ഒരു മൊബൈൽ കമ്പനിയിൽ ജോലി ചെയ്യുന്നു. മകൾ ശാലിനി. പത്താംക്ലാസ് കഴിഞ്ഞപ്പോൾ തമിഴ്നാട്ടിലേക്ക് വിവാഹം ചെയ്തയച്ചു. _ നഞ്ചിയമ്മ ഒറ്റ ശ്വാസത്തിലാണ് ഈ കഥ മുഴുവൻ പറഞ്ഞത്.

അയ്യപ്പനും കോശിയും സിനിമ ഷൂട്ട് ചെയ്യാൻ തുടങ്ങുന്ന സമയത്താണ് അതിന്റെ സംവിധായകൻ സച്ചി മറ്റൊരാൾ വഴി പഴനിസ്വാമിയെ ഫോണിൽ വിളിക്കുന്നത്. സിനിമയിൽ കണ്ണമ്മ ഒരു ട്രൈബൽ ലേഡിയാണ് ബിജുമേനോന്റെ ഭാര്യയുടെ റോളാണ്. അപ്പോൾ ഫീൽ ചെയ്യുന്ന ഒരു പാട്ട് വേണം.. ബാക്ക് ഗ്രൗണ്ട് സ്കോർ ആയി കാണിക്കാനെന്ന്പഴനിസ്വാമിയോട് പറഞ്ഞു. കഥയും പഞ്ചാത്തലവും പറഞ്ഞു കൊടുത്തു. അങ്ങെനെയാണ് .പഴനിസ്വാമി കലാസമിതിയിലുള്ള നഞ്ചിയമ്മയുടെ കാര്യം പറയുന്നത്, നന്നായിട്ട് പാടും. നല്ല ശബ്ദമാണ്, കേട്ടാൽ ഇഷ്ടപ്പെടും എന്നൊക്കെ. നഞ്ചിയമ്മ പാടിയ പാട്ടിന്റെ ലിങ്ക് യു ട്യൂബ് വഴി കാണിച്ചു കൊടുത്തു. ഒരാഴ്ച സമയം തരാം.. കഥയ്ക്ക് അനുസരിച്ച് ഫീൽ ചെയ്യുന്ന പാട്ട് റെഡിയാക്കി തരണം എന്ന് സംവിധായകൻ പറഞ്ഞു. ഇക്കാര്യം നഞ്ചിയമ്മയെ അറിയിച്ചു. അട്ടപ്പാടിയിലെ പാട്ടുമുഴുവൻ ഹൈപിച്ചാണ്. ഡാൻസ് കളിക്കുന്ന പാട്ട്, ഫീൽ ചെയ്യുന്ന പാട്ടേയില്ല. ഫീൽ ചെയ്യുന്ന പാട്ടുണ്ടാക്കാൻ നഞ്ചിയമ്മ ഒരാഴ്ച സമയം ചോദിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ദൈവമകളെ എന്ന പാട്ട് ഫോണിൽ കൂടി കേൾപ്പിച്ചു. പിന്നീട് കൊച്ചിയിൽ
സ്റ്റുഡി യോയിൽ എത്തി റെക്കോഡ് ചെയ്യുകയായിരുന്നു.

. ഈ പാട്ട് പാടി. പാട്ടുപാടി അവസാനമെത്തിയപ്പോൾ നഞ്ചിയമ്മ കരഞ്ഞു. ഇത് കേട്ട എല്ലാവർക്കും കണ്ണുനിറഞ്ഞു. .

അങ്ങിനെ ഒരു പാട്ട് പാടാൻ പോയി. ആ സിനിമയിൽ മൂന്ന് പാട്ട് പാടി. ഇത്രയും പാട്ട് പാടിയപ്പോൾ നഞ്ചിയമ്മയേയും കൂടി സിനിമയിൽ കാണിക്കണമെന്ന് സംവിധായകന് ആഗ്രഹം അങ്ങിനെയാണ് കണ്ണമ്മയുടെ അമ്മയാക്കി രണ്ട് സീനിൽ കാണിച്ചത്. ഇപ്പോ വേറെ സിനിമകളിലേക്കും ക്ഷണം കിട്ടിയിട്ടുണ്ടെന്ന് നഞ്ചിയമ്മ പറഞ്ഞു.

നഞ്ചിയമ്മയുടെ പാട്ട് ആദിവാസി സംഗീതത്തിന്റെ തനിമ ചോരാതെ ചിത്രത്തിന്റെ സംഗീത സംവിധായകനായ ജാക്സൺ ബിജോയ് പുതിയൊരു ഭാവം നൽകുയകായിരുന്നു. തന്നേയും പാട്ടും ഹിറ്റാക്കിയ ജാക്സൺ ബിജോയിയോട് നഞ്ചിയമ്മക്കും തീരാത്ത സ്നേഹമാണ്. എന്നാൽ ആ സംഗീത സംവിധായകന്റെ പേര് പറയാൻ കിട്ടാത്തത് കൊണ്ട് അങ്ങിനെ ആരോടും ആ പേര് പറയാറില്ലെന്ന് ഒരു ചിരിയോടെ നഞ്ചിയമ്മ പറഞ്ഞു.

പഴനിസ്വാമിയുടെ ജീവിത പശ്ചാത്തലം മനസിലാക്കിയാണ് ചിത്രത്തിലെ ശ്രദ്ധിക്കപ്പെടുന്ന വേഷം തന്നെ സംവിധായകൻ സച്ചി പഴനിസ്വാമിക്ക് നൽകിയത്. നേരത്തെ മറ്റൊരു നടനെയായിരുന്നു പഴനിസ്വാമിക്ക് വേണ്ടി വെച്ചിരുന്ന വേഷത്തിലേക്ക് തീരുമാനിച്ചിരുന്നത്. സച്ചി സാറിന്റെ ആ തീരുമാനമാണ് തന്റെ ജീവിതം മാറ്റിമറിച്ചതെന്ന് പഴനിസ്വാമി പറയുന്നു. പഴനി സ്വാമിയുടെ ഭാര്യ ശോഭയാണ്. മക്കൾ. അനു പ്രശോഭിനി, ആദിത്യൻ..

പഴനിസ്വാമിയും നഞ്ചിയമ്മയും

മാസ്റ്റർ ഓഡിയോ ലോഞ്ച്

ദളപതി വിജയ്‌യും വിജയ് സേതുപതിയും പ്രധാനവേഷങ്ങളിൽ എത്തുന്ന മാസ്റ്ററിന്റെ ഓഡിയോ ലോഞ്ച് കഴിഞ്ഞ ദിവസം നടന്നു.കാർത്തി നായകനായ സൂപ്പർഹിറ്റ് ചിത്രം കൈദിക്ക് ശേഷം ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ വിജയ് സേതുപതി നെഗറ്റീവ് റോളിലാണ് എത്തുന്നത് . ചിത്രത്തിൽ മാളവിക മോഹനൻ, ആൻഡ്രിയ, ശന്തനു ഭാഗ്യരാജ്, അർജുൻ ദാസ്, ശ്രിനാഥ്, സഞ്ജീവ് ഗൗരി കൃഷ്ണൻ, വിജെ രമ്യ എന്നിവരാണ് മറ്റു താരങ്ങൾ. അനിരുദ്ധ് രവിചന്ദർ സംഗീതമൊരുക്കുന്ന ചിത്രത്തിലെ കുട്ടി സ്റ്റോറി, വാതി എന്നീ പാട്ടുകൾ ഇതിനകം ഹിറ്റായി കഴിഞ്ഞിട്ടുണ്ട്.ചിത്രത്തിന് ഛായാഗ്രഹണം നിർവ്വഹിക്കുന്നത് സത്യൻ സൂര്യനാണ്. ഡൽഹി, കർണാടക, ചെന്നൈ എന്നിവിടങ്ങളായിരുന്നു സിനിമയുടെ ഷൂട്ടിങ്. ചിത്രത്തിൽ ഒരു പ്രൊഫസറുടെ വേഷത്തിലാണ് വിജയ് എത്തുന്നതെന്നാണ് സൂചന.

വിവാഹം മാറ്റിവച്ച് റിച്ച ഛദ്ദയും അലി ഫസലും

കൊറോണ വൈറസ് ലോകം മുഴുവനും പടരുന്ന സാഹചര്യത്തിൽ വിവാഹം മാറ്റിവെച്ച് ബോളിവുഡ് നടി റിച്ച ഛദ്ദയും നടൻ അലി ഫസലും. ഈ ഏപ്രിലിൽ ആയിരുന്നു ഇവരുടെ വിവാഹം നടക്കാനിരുന്നത്. കോവിഡ് 19ന്റെ സാഹചര്യത്തിൽ വിവാഹ തിയതി മാറ്റാനാണ് ഇരുവരുടെയും തീരുമാനം.അലി ഫസലും റിച്ച ഛദ്ദയും തങ്ങളുടെ വിവാഹം 2020ന്റെ അവസാന പകുതിയിലേക്ക് മാറ്റാൻ തീരുമാനിച്ചു. എല്ലാവരും സുരക്ഷിതരായിരിക്കാനും ആർക്കും അസുഖം വരല്ലേയെന്നും അവർ ആഗ്രഹിക്കുന്നു" എന്ന് താരങ്ങളുടെ വക്താവ് അറിയിച്ചു.2016-ലാണ് റിച്ചയും അലിയും പ്രണയത്തിലാവുന്നത്. ഫുക്രീ' എന്ന ചിത്രത്തിൽ ഇരുവരും ഒന്നിച്ചഭിനയിച്ചിരുന്നു. പങ്ക' എന്ന ചിത്രമാണ് റിച്ചയുടെതായി ഒടുവിൽ പുറത്തിറങ്ങിയ ചിത്രം.

മഞ്ജു വാര്യർ,സണ്ണി വെയ്ൻ ചിത്രം ചതുർമുഖം

മഞ്ജു വാര്യർ,സണ്ണി വെയ്ൻ,അലൻസിയർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതരായ രഞ്ജിത്ത് കമല ശങ്കർ,സലിൽ വി എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന ചിത്രമാണ് ചതുർമുഖം.രഞ്ജി പണിക്കർ,ശ്രീകാന്ത് മുരളി,ഷാജു ശ്രീധർ,ബാലാജി ശർമ്മ,നവാസ് വള്ളിക്കുന്ന്,ബാബു അന്നൂർ,നിരഞ്ജന അനൂപ് തുടങ്ങിയവരാണ് മറ്റു താരങ്ങൾ.ജിസ് ടോംസ് മൂവീസിന്റെ ബാനറിൽ ജിസ് തോമസ്സ്,ജെസ്റ്റിൻ തോമസ് എന്നിവർ ചേർന്നു നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അഭിനന്ദൻ രാമാനുജം നിർവ്വഹിക്കുന്നു. അഭയകുമാർ,അനിൽ കുര്യൻ എന്നിവർ ചേർന്നു തിരക്കഥ,സംഭാഷണമെഴുതുന്നു.സംഗീതം-ഡൗൻ വിൻസെന്റ്,

പ്രണയ ചിത്രം പങ്കുവച്ച് മാധവൻ

സോഷ്യൽ മീഡിയയിലൂടെ പഴയകാല ചിത്രങ്ങൾ സിനിമാ താരങ്ങൾ പങ്കുവയ്ക്കാറുണ്ട്. ഇപ്പോൾ നടൻ മാധവൻ തന്റെ ഭാര്യയ്ക്കൊപ്പമുള്ള പഴയകാല ചിത്രമാണ് ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തിട്ടുള്ളത്. ചിത്രത്തിലുള്ളത് മാധവനാണെന്ന് പെട്ടെന്ന് തിരിച്ചറിയാൻ കഴിയില്ല.

1999 ലാണ് മാധവനും സരിതയും വിവാഹിതരായത്. ഏറെ നാളത്തെ പ്രണയത്തിനുശേഷമായിരുന്നു വിവാഹം. 14 കാരനായ വേദാന്ത് മകനാണ്. നീന്തൽ താരമാണ് വേദാന്ത്. കഴിഞ്ഞ ഏഷ്യൻ ഏജ് ഗെയിംസിൽ നീന്തലിൽ ഇന്ത്യയ്ക്കായി വേദാന്ത് വെള്ളി നേടിയിരുന്നു.

നമ്പി നാരായണന്റെ ജീവിതകഥ പറയുന്ന 'റോക്കറ്ററി: ദ നമ്പി എഫക്റ്റ്' എന്ന ചിത്രമാണ് മാധവന്റേതായി റിലീസിനൊരുങ്ങുന്നത്. റോക്കറ്ററി'യിൽ നമ്പി നാരായണനായാണ് മാധവൻ അഭിനയിക്കുന്നത്. മാധവന്റെ ആദ്യ സംവിധാന സംരംഭം കൂടിയാണ് റോക്കറ്ററി.സിമ്രൻ ആണ് ചിത്രത്തിലെ നായിക.

മുൻ പ്രണയത്തെ കുറിച്ച് സാമന്ത

കുറഞ്ഞ കാലംകൊണ്ട് ഒട്ടേറെ മികച്ച കഥാപാത്രങ്ങളിലൂടെ പ്രേക്ഷകരുടെ പ്രിയം പിടിച്ചുപറ്റിയ നടിയാണ് സാമന്ത . സാമന്തയുടെ ഫോട്ടോകൾ ഓൺലൈനിൽ തരംഗമാകാറുണ്ട്. മുൻ പ്രണയത്തെ കുറിച്ച് സാമന്ത പറഞ്ഞതാണ് ആരാധകർ ഇപ്പോൾ ചർച്ചയാക്കുന്നത്. ഭാഗ്യം കൊണ്ടു മാത്രമാണ് താൻ അതിൽ നിന്ന് രക്ഷപ്പെട്ടത് എന്നാണ് സാമന്ത പറയുന്നത്.ഒരു വിഷമഘട്ടം എന്റെ ജീവിതത്തിൽ ഉണ്ടായെങ്കിലും ഭാഗ്യം കൊണ്ട് അതിൽ നിന്ന് ഞാൻ രക്ഷപ്പെട്ടു. കാരണം ആ ബന്ധം മോശമായാണ് അവസാനിക്കുകയെന്ന തോന്നൽ എനിക്ക് ആദ്യമേ ഉണ്ടായിരുന്നു. പിന്നീടാണ് നാഗചൈതന്യ എന്റെ ജീവിതത്തിലേക്ക് വന്നത്. എനിക്ക് ജീവിതത്തിൽ ലഭിച്ച അമൂല്യ രത്നമാണ് അദ്ദേഹം എന്നും സാമന്ത പറഞ്ഞു. സാമന്തയുടെ വെളിപ്പെടുത്തലിനെ കുറിച്ച് കമന്റുകളുമായി ആരാധകരും രംഗത്ത് എത്തിയിട്ടുണ്ട്.

നയൻതാര ചിത്രത്തിൽ അജ്മൽ അമീർ

നയൻതാര മുഖ്യ വേഷത്തിൽ എത്തുന്ന നെട്രികൺ എന്ന ത്രില്ലർ ചിത്രത്തിൽ മലയാളിയായ അജ്മൽ അമീറും. ചിത്രത്തിൽ ഏറെ പ്രാധാന്യമുള്ള ഒരു കഥാപാത്രത്തെയാണ് അജ്മൽ അവതരിപ്പിക്കുന്നത് . റൗഡി പിക്ച്ചേഴ്സിന്റെ ബാനറിൽ വിഘ്നേഷ് ശിവൻ ആണ് ചിത്രം നിർമിക്കുന്നത്.

മണിരത്നത്തിന്റെ സഹസംവിധായകനായ മിലിന്ദ് റാവു ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. സെപ്റ്റംബറോടെ ചിത്രം തിയേറ്ററുകളിലെത്തും. കൊറിയൻ ത്രില്ലർ ചിത്രമായ ബ്ലൈന്റിന്റെ ഔദ്യോഗിക റീമേക്ക് ആണ് ചിത്രമെന്നും റിപ്പോർട്ടുകളുണ്ട്. ഒരു റോഡ് അപകടത്തിൽ കാഴ്ചയ്ക്ക് തകരാർ സംഭവിച്ച ഒരു പൊലീസുകാരി ഒരു കൊലപാതകത്തിനു പിന്നിലെ പ്രതിയെ കണ്ടുപിടിക്കാൻ ഡിറ്റക്ടീവിനെ സഹായിക്കുന്നതാണ് ബ്ലൈന്റിന്റെ ഇതിവൃത്തം.അജ്മലിന്റെ തമിഴ് അരങ്ങേറ്റം മിഷ്കിന്റെ അഞ്ചാതെ എന്ന ചിത്രത്തിലൂടെയായിരുന്നു

ഹർഭജൻ സിംഗിന്റെ നായികയായി ബിഗ്ബോസ് താരം

ജോൺപോൾ രാജും ഷാം സൂര്യയും ചേർന്ന് സംവിധാനം ചെയ്യുന്ന ഫ്രണ്ട്ഷിപ്പ് എന്ന തമിഴ് ചിത്രത്തിലൂടെയാണ് നായകനായി ഹർഭജൻ സിംഗ് വെള്ളിത്തിരയിലെത്തുന്നത്. ജെ പി ആർ, സ്റ്റാലിൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഫ്രണ്ട്ഷിപ്പിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തുവരികയാണ്. കമൽഹാസൻ അവതാരകനായ തമിഴ് ബിഗ്ബോസ് 3യിൽ ടെലിവിഷൻ പ്രേക്ഷകരുടെ മനംകവർന്ന ലോസ്ലിയാ മരിയനേശൻ ആണ് ഫ്രണ്ട്ഷിപ്പിലെ നായിക. ശ്രീലങ്കയിൽ ടെലിവിഷൻ വാർത്താവതാരക എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട് ലോസ്ലിയാ. സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ നേരത്തെ ഹർഭജൻ പുറത്തുവിട്ടിരുന്നു. ഈ വർഷം തന്നെ സിനിമ പുറത്തിറങ്ങും എന്നാണ് സൂചനകൾ. ഇന്ത്യൻ ക്രിക്കറ്റിന്റെ ചരിത്രത്തിലാദ്യമായാണ് ഒരു താരം നായകവേഷത്തിൽ വെള്ളിത്തിരയിലെത്തുന്നത്. ടെലിവിഷൻ റിയാലിറ്റി ഷോകളിൽ അതിഥി വേഷത്തിൽ ഹർഭജൻ പലതവണ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. സെക്കൻഡ് ഹാൻഡ് ഹസ്ബന്റ് എന്ന സിനിമയിലും ഹർഭജൻ സിംഗ് അഭിനയിച്ചിട്ടുണ്ട്

ജിന്ന് ചിത്രീകരണം പൂർത്തിയായി

സിദ്ധാർത്ഥ് ഭരതൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ജിന്ന്. സൗബിൻ ഷാഹിറാണ് ചിത്രത്തിൽ മുഖ്യ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. ശാന്തി ബാലചന്ദ്രനാണ് ചിത്രത്തിലെ നായികയായി എത്തുന്നത്. ലിയോണ ലിഷോയിയും ചിത്രത്തിൽ ഒരു സുപ്രധാന വേഷം കൈകാര്യം ചെയ്യുന്നുണ്ട്.

ഇപ്പോഴിതാ ചിത്രത്തിന്റെ ഷൂട്ടിങ് പൂർത്തിയായിരിക്കുകയാണ് . ചിത്രത്തിന്റെ ഷൂട്ടിങ് പൂർത്തിയാക്കിയ വിവരം പുറത്ത് വിട്ടിരിക്കുന്നത് സംവിധായകനായ സിദ്ധാർത്ഥ് ഭരതനാണ്. സൗബിൻ പകർത്തിയ മാസ്സ് സെൽഫിയിൽ സൗബിന്റെ ഭാര്യയും മകനും ലിയോണ ലിഷോയിയും ശാന്തി ബാലചന്ദ്രനും ഛായാഗ്രഹകൻ ഗിരീഷ് ഗംഗാധരനും സംവിധായകൻ സിദ്ധാർത്ഥ് ഭരതനും ഒക്കെയുണ്ട്. ചിത്രം ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാകുകയാണ്. സമീർ താഹിർ ദുൽഖർ സൽമാനെ നായകനാക്കി സംവിധാനം ചെയ്ത കലി എന്ന ചിത്രത്തിന് തിരക്കഥ ഒരുക്കിയ രാജേഷ് ഗോപിനാഥാണ് ജിന്നിനായി രചന നിർവ്വഹിക്കുന്നത്.ഗിരീഷ് ഗംഗാധരനാണ് ക്യാമറ. പ്രശാന്ത് പിള്ളയാണ് ചിത്രത്തിലെ ഗാനങ്ങൾക്ക് സംഗീതം പകരുന്നത്. ഡി ഫോർട്ടീൻ എന്റർടെയിൻമെന്റാണ് ഈ ചിത്രം നിർമിക്കുന്നത്. സിദ്ധാർത്ഥ് ഭരതൻ സംവിധാനം ചെയ്യുന്ന നാലാമത്തെ സിനിമയാണ് ജിന്ന്

ആന്റണി വർഗീസ് നായകനാകുന്ന ആരവം

ആന്റണി വർഗീസ് ,ഷൈൻ ടോം ചാക്കോ,ആൻ സീതൾ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നഹാസ് ഹിദയത്ത് സംവിധാനം ചെയ്യുന്ന ചിത്രമാണ് ആരവം.

ബൈജു സന്തോഷ്,രഞ്ജി പണിക്കർ,ശ്രീജിത്ത് രവി,ജോണി ആന്റണി ,കോട്ടയം നസീർ,റോണി ഡേവിഡ് രാജ്,ജാഫർ ഇടുക്കി,അനിൽ പി നെടുമങ്ങാട്,കോട്ടയം പ്രദീപ്,ആൻസൺ ആന്റണി തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഒപ്പസ് പെന്റായുടെ ബാനറിൽ ഒ തോമസ് പണിക്കർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ പ്രകാശ് വേലായുധൻ ഛായാഗ്രഹണം നിർവ്വഹിക്കുന്നു.അനിൽ നാരായണൻ തിരക്കഥ,സംഭാഷണമെഴുതുന്നു.സംഗീതം-ജെക്സ് ബിജോയ്,എഡിറ്റർ-നൗഫൽ അബ്ദുള്ള

ജൂഡ് ആന്റണി ജോസഫും സ്വാസികയും കേന്ദ്ര കഥാപാത്രങ്ങളാകുന്ന മറ്റൊരു കടവിൽ

2013ൽ മാത്തുക്കുട്ടിയും വൈഗയും അഭിനയിച്ച കുളിസീൻ എന്ന ഷോർട്ട് ഫിലിം യൂട്യൂബിൽ തരംഗംസൃഷ്ടിച്ചിരുന്നു . ഏഴ് വർഷങ്ങൾക്ക് ശേഷം ചിത്രത്തിന് രണ്ടാം ഭാഗം വരികയാണ്.ഷോർട്ട് ഫിലിന്റെ ആദ്യ ടീസർ പുറത്തിറങ്ങിയപ്പോൾ തന്നെ വൻ വരവേൽപ്പാണ് പ്രേക്ഷകർ നൽകിയത് .ആര്യ ഹെന്ന പ്രൊഡക്ഷൻസിന്റെ ബാനറിൽ സുനിൽ നായർ നിർമിച്ച ചിത്രം രാഹുൽ കെ ഷാജി ആണ് സംവിധാനം ചെയ്യുന്നത്.സംഗീത സംവിധായകൻ രാഹുൽ രാജ് ആദ്യമായി സംഗീതം നൽകുന്ന ഷോർട്ട് ഫിലിംമാണ് മറ്റൊരു കടവിൽ .ജൂഡ് ആന്റണി ജോസഫും , സ്വാസികയുമാണ് കേന്ദ്ര കഥാപാത്രങ്ങൾ. ഇവരെ കൂടാതെ പാഷാണം ഷാജി, ബോബൻ സാമുവൽ , മാത്തുക്കുട്ടി , അർജുൻ ഗോപാൽ , അൽത്താഫ് മനാഫ് എന്നിവരുടെ വലിയ താരനിരയുണ്ട് ചിത്രത്തിൽ. പാഷാണം ഷാജി ആദ്യമായി അഭിനയിക്കുന്ന ഹ്രസ്വചിത്രമാണ് .സുമേഷ് മധുവിന്റേതാണ് തിരക്കഥ . രാജേഷ് സുബ്രമണ്യൻ ക്യാമറയും , അശ്വിൻ കൃഷ്ണ എഡിറ്റിംഗും നിർവഹിച്ചിരിക്കുന്നു. ഏപ്രിൽ രണ്ടാം വാരം ചിത്രം പ്രദർശനത്തിനെത്തും .

ക്വിറ്റ് ഇന്ത്യ

അനൂപ് മേനോൻ,മുരളി ഗോപി,ബൈജു സന്തോഷ്,സംവിധായകൻ രഞ്ജിത് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാഗേഷ് ഗോപൻ കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ക്വിറ്റ് ഇന്ത്യ.മലർ സിനിമാസിന്റെ ബാനറിൽ സഞ്ജിത വി എസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ,സംഭാഷണം സി എ എ,പാവാട,അണ്ടർ വേൾഡ് എന്നി ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ഷിബിൻ ഫ്രാൻസിസ് എഴുതുന്നു.ഇഷ്ക് ഫെയിം അൻഷാർ ഷാ ഛായാഗ്രഹണം നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണന്റെ വരികൾക്ക് ബിജി ബാൽ സംഗീതം പകരുന്നു.ലോക്കേഷൻ-തിരുവനന്തപുരം,ജയ്പൂർ,കാലിഫോർണിയ.

വാസ്തുവിജ്ഞാനം

ധനികനോ,ദരിദ്രനോ ആവട്ടെ,അവന്റെ വാസസ്ഥലം ധനശേഷി കൊണ്ടോ,വലുപ്പം കൊണ്ടോ നിശ്ചയിക്കപ്പെടുന്നില്ല.കണക്കിലാണു കാര്യം.വാസ്തുപുരുഷൻ എന്ന അസുര സങ്കൽപ്പം വാസ്തു ശാസ്ത്രത്തിൽ പ്രധാനം.

ഒരു വീടു വയ്ക്കാനൊരുങ്ങുമ്പോൾ വേണ്ട തയ്യാറെടുപ്പുകൾ എന്തൊക്കെ ?ചെറിയ ഒരു ലിസ്റ്റിൽ ഒതുങ്ങിയതല്ല,അവയൊന്നും.എല്ലാം തയ്യാർ ചെയ്തു.സുന്ദരൻ വീടു നിർമ്മിച്ചു താമസമാക്കിയാലും വീണ്ടും പ്രശ്നങ്ങൾ.വിശ്വാസങ്ങൾ മറനീക്കി പുറത്തുവരുമ്പോൾ വാസ്തു ശാസ്ത്രം അഥവാ വാസ്തു വിദ്യയെക്കുറിച്ച് അറിയാൻ ഏറെയുണ്ട്. ഭാരതത്തിന്റെ പുരാണങ്ങളിലും വേദങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുള്ള ശാസ്ത്രം,മത്സ്യപുരാണം എന്നിവ വാസ്തുശാസ്ത്രത്തിന്റെ ആധികാരിക സ്രോതസ്സാണ്.സത്യവും മിഥ്യയും ഏത് എന്ന് വിശദീകരിക്കുകയാണിവിടെ.

അദ്ധ്യായം-3

വീട്ടിൽ കിണർ കുഴിക്കുന്നവർ ശ്രദ്ധിക്കുക

സ്ഥലം, ജലം, വൃക്ഷം എന്നിങ്ങനെ മൂന്നു ഘടകങ്ങളാണ് ഉള്ളത്. ജലത്തിന് അതീവ പ്രാധാന്യമാണ് വാസ്തതു ശാസ്ത്രത്തിൽ.ജലത്തിന്റെ സ്ഥാനം ഒഴുക്ക് ഘടന എന്നിവയൊക്കെ ഗൃഹം ഇരിക്കുന്ന ഭൂമിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ആകാശത്തു നിന്നും ഏക രസത്തിലും (സ്വാദ്) ഏക വർണ്ണത്തിലും (നിറം) ഉത്ഭവിക്കുന്ന ഒന്നാണ് ജലം. എന്നാലും അത് ഭൂമിയിൽ പതിച്ച് ഭൂമിയുടെ രസഗന്ധ സ്വഭാവത്തിന് പാത്രീഭവിക്കുകയും ഘടനാ വ്യത്യാസങ്ങൾ വരെ ഉണ്ടാവുകയും ചെയ്യുന്നു.

ഭൂമിയുടെ ഉള്ളിലും മനുഷ്യ ശരീരത്തിൽ എന്ന പോലെ അനേകായിരം നാഡികൾ ഉണ്ട്.ഞരമ്പുകളിൽ കൂടി ജലം ഒഴുകുന്നു. കൃത്യമായ സ്ഥാനത്ത് കുഴിച്ചാലെ ജലം ഉണ്ടാവൂ.ശുദ്ധ ജലത്തിന് പ്രത്യേക സ്ഥാനം ഉണ്ട്.പല സ്ഥലങ്ങളേലേയും കിണറുകളെലെ ജലത്തിന് പല രുചിയും ഗന്ധവുമായിരിക്കും.

വാസ്തു ശാസ്ത്ര പ്രകാരം ഭൂവാസ്തു എന്ന പ്രത്യേക വിഭാഗം തന്നെ ഉണ്ട്. അതിലാണ് കിണറിന്റെ സ്ഥാനം ഉള്ളത്. ജല സ്വഭാവം, അളവ്, ഘടന എന്നിവ പ്രദിപാതിക്കുന്നത് ഇവിടെയാണ്. രാശി പ്രകാരം ധനുരാശി ഒഴിച്ചുള്ള സ്ഥാനങ്ങളിൽ, അതായത് മകരം, മീനം, കുംഭം,ഇടവം രാശികളിൽ കിണർ, കുളം എന്നിവയാകാം.പറമ്പിന്റെ വായു, അഗ്നി കോണുകൾ, തെക്കു ഭാഗത്ത് നിരൃതി ഖണ്ഡം എന്നിവിടങ്ങളിൽ കിണർ, കുളം പാടില്ല. പറമ്പി ന്റെ പടിഞ്ഞാറ് ഭാഗത്ത് മധ്യത്തിലായി വരുന്ന പദം എന്ന സ്ഥാനത്ത് കിണർ കുഴിക്കാം.

ഇപ്പോൾ ഫ്ലാറ്റ് വാങ്ങി താമസിക്കുന്നവർ ഈ കണക്കുകൾ എങ്ങനെ മനസ്സിലാക്കും എന്ന് സംശയിക്കുന്നവർ ഉണ്ട്. അക്കാര്യവും അടുത്ത ലക്കങ്ങളിൽ പറയുന്നതാണ്.

ജലത്തിന്റെ ഘടന അളവ് ഒഴുക്ക് എന്നിവയെക്കുറിച്ച് അടുത്ത ആഴ്ച്ച വിവരിക്കാം.